# ഭരണസമിതി ഫോട്ടോ



**ശ്രീമതി. ജെസ്സി ജോർജ്ജ്**
പ്രസിഡന്റ്, വാർഡ് – 14



**ശ്രീ. സി.വൈ ശാബോർ**
വൈസ് പ്രസിഡന്റ് വാർഡ് 6
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ



**ശ്രീമതി. കല്ല്യാണി ഗിരീഷ്**
(വികസന സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർ പേഴ്സൺ, വാർഡ് –3 )



**ശ്രീ. എം.വി ഷാജു**
(ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ, വാർഡ് – 4)



**ശ്രീമതി. നിപ്ത്യ ഭവശി**
(ആരോഗ്യ– വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർ പേഴ്സൺ, വാർഡ് –8)



**ശ്രീമതി.സെലീന ബേബി**
**വാർഡ് – 1**



**ശ്രീ. കെ. എസ് രാജീവ്**
**വാർഡ് – 2**



**ശ്രീമതി. വനജ സന്തോഷ്**
**വാർഡ് – 5**



**ശ്രീ. ജിതിൻ പി. എസ്**
**വാർഡ് – 7**



**ശ്രീ. ജോസ് പി വർഗ്ഗീസ്**
**വാർഡ് – 9**



**ശ്രീമതി. ലിസ്സി ജോയ്**
**വാർഡ് – 10**



**ശ്രീമതി. ജോളി റോയ്**
**വാർഡ് – 11**



**ശ്രീമതി. ലീന അച്ചു**
**വാർഡ് – 12**



**ശ്രീമതി. എൽസി വർഗ്ഗീസ്**
**വാർഡ് – 13**



**ശ്രീ. എ. കെ ധനേഷ്**
**വാർഡ് – 15**



**ശ്രീമതി. ഉഷ സുന്ദരൻ**
**വാർഡ് – 16**



**ശ്രീ. എയ്ജോ വർഗ്ഗീസ്**
**വാർഡ് – 17**



**ശ്രീമതി. ജയ കൃഷ്ണൻ**
**വാർഡ് –18**



**ശ്രീമതി. മോളി കുഞ്ഞുമോൻ**
**വാർഡ് – 19**



**ശ്രീ. എൻ.വി ബാബു**
**വാർഡ് – 20**



**ശ്രീ. പ്രശാന്ത് കെ.കെ**
**സെക്രട്ടറി**
**നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്**

# നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

**ISO 9001 - 2015 Certified**

## പതിനാലാം പഞ്ചവത്സര പദ്ധതി

# 2026 - 27

## വാർഷിക പദ്ധതി

# അന്തിമ പദ്ധതിരേഖ

# ഉള്ളടക്കം


| നമ്പർ | വിഷയം |
| --- | --- |
| 1 | പൊതുവിവരങ്ങൾ |
| 2 | ആസൂത്രണസമിതി അംഗങ്ങളുടെ വിവരങ്ങൾ |
| 3 | അദ്ധ്യായം .1 – തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസനസ്ഥിതി – അവസ്ഥാ വിശകലനം |
| 4 | അദ്ധ്യായം .2 – വാർഷിക പദ്ധതി അവലോകനം |
| 5 | അദ്ധ്യായം .3 – പ്രശ്ന വിശകലനവും – പ്രശ്ന പരിഹാര സാദ്ധ്യതകളും |
| 6 | അദ്ധ്യായം .4 – വികസന കാഴ്ചപ്പാട് – ലക്ഷ്യങ്ങൾ, തന്ത്രം |
| 7 | അദ്ധ്യായം .5 – വിഭവസ്രോതസ്സുകളും – വകയിരുത്തലും |
| 8 | അദ്ധ്യായം .6 – പ്രോജക്റ്റുകളും, അവയുടെ വിശദാംശങ്ങളും |
| 9 | അദ്ധ്യായം .7 – വായ്പ്പാ ബന്ധങ്ങൾ |
| 10 | അദ്ധ്യായം .8 – സമഗ്ര പരിപാടികളും, സംയോജന സാദ്ധ്യതകളും |
| 11 | അദ്ധ്യായം .9 – മോണിറ്ററിംഗ് |
| 12 | ഉപസംഹാരം |
| | |



# സ്വീകരിച്ചാലും

ജനകീയ പങ്കാളിത്തത്തോടെ പ്രാദേശിക പ്രശ്നങ്ങൾ കണ്ടെത്തി അനുയോജ്യമായ സുസ്ഥിര വികസന കാഴ്ചപ്പാടോടെ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും, പ്രാദേശിക ആസൂത്രണത്തെ കൂടുതൽ ശാക്തീകരിക്കുന്നതിനും, പ്രവർത്തനങ്ങൾ കഴിയുന്നത്ര പിഴവുകൾ ഒഴിവാക്കി നടപ്പിലാക്കുവാനുമാണ് ശ്രമിക്കുന്നത്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ വിവിധ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് ദാരിദ്ര്യ നിർമ്മാർജ്ജനം, വയോജനക്ഷേമം, മാലിന്യ പരിപാലനം,തൊഴിൽ അന്വേഷകർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കൽ എന്നീ പദ്ധതികളാണ് മുൻതൂക്കം നൽകി നടപ്പിലാക്കുവാൻ ശ്രമിക്കുന്നത്. പഞ്ചായത്തിന്റെ പ്രാഥമിക ആരോഗ്യകേന്ദ്രം കുടുംബ ആരോഗ്യകേന്ദ്രമാക്കി മാറ്റുന്ന സംയോജിത പദ്ധതിക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. ആയതിന്റെ പണി അതിവേഗം പൂർത്തീകരിക്കുവാൻ ശ്രമങ്ങൾ നടന്നു വരുന്നു. കൃഷി രംഗത്ത് തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളിൽ നെൽകൃഷിക്ക് ഉപയുക്തമാക്കുന്നതിൽ മുന്നേറുവാൻ സാധിച്ചിട്ടുണ്ട്. കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി നെൽകൃഷി രംഗത്ത് മുന്നേറുവാൻ ലക്ഷ്യമിടുന്നു. പട്ടികജാതി പട്ടിക വർഗ്ഗ യുവാക്കളുടെ പഠന തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞ വർഷം തുടങ്ങിയ ഡോ. അംബേദ്കർ പഠന കേന്ദ്രം അതിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കൂടുതൽ ജനസൗഹൃദ മാക്കുന്നതിനും, ഹരിത ഊർജ്ജം ഉപയോഗിക്കുന്നതിനുമുള്ള പദ്ധതികൾ തുടങ്ങിക്കഴിഞ്ഞു. പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം തുടങ്ങുകയാണ്. ഹോമിയോ ഡിസ്പെൻസറിയും വെറ്റിനറി ആശുപത്രിയും കൂടുതൽ സൗകര്യപ്രദമായ രീതിയിൽ മാറ്റി സ്ഥാപിക്കുവാനുള്ള നടപടികൾ തുടക്കം കുറിക്കുകയാണ്. കാരയ്ക്കാട്ടുകുന്ന് ചിറ ഹാപ്പിനസ്സ് പാർക്ക് ആയി വികസനിപ്പിക്കുന്നതിനും കുറുന്തലക്കോട്ട് ചിറ പ്രദേശവും 'നാലുമണിക്കാറ്റ്' (സായാഹ്ന വായനശാല) ആക്കി മാറ്റുന്നതിനും സംയുക്ത പദ്ധതി ഈ വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വിവിധ തലങ്ങളിലെ വികസനത്തിന് ആവശ്യമായ പദ്ധതികൾ കണ്ടെത്തി മേഖലകളേയും, പ്രാദേശിക സർക്കാരുകളേയും കൂട്ടിയിണക്കിക്കൊണ്ടുള്ള പദ്ധതി നിർദ്ദേശങ്ങളുമാണ് മുന്നോട്ട് വച്ചിരിക്കുന്നത്. ഇത് തയ്യാറാക്കുന്നതിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആസൂത്രണ സമിതി അംഗങ്ങൾ, വിദഗ്ധ സമിതി അംഗങ്ങൾ എന്നിവരുടെ സംഭാവന എടുത്തു പറയേണ്ടതാണ്. ഈ അന്തിമ പദ്ധതി രേഖ പഞ്ചായത്തിലെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

ജെസ്സി ജോർജ്ജ്

പ്രസിഡന്റ്,
നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത്

# നെടുമ്പാശ്ശേരി പഞ്ചായത്ത്

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | നെടുമ്പാശ്ശേരി |
| ഗ്രേഡ് | : | സ്പെഷ്യൽ ഗ്രേഡ് |
| ബ്ലോക്ക് പഞ്ചായത്ത് | : | പാറക്കടവ് |
| ജില്ലാ പഞ്ചായത്ത് | : | എറണാകുളം |
| താലൂക്ക് | : | ആലുവ |
| അസംബ്ലി നിയോജക മണ്ഡലം | : | ആലുവ |
| പാർലമെന്റ് | : | ചാലക്കുടി |
| അതിരുകൾ | | |
| കിഴക്ക് | : | അങ്കമാലി മുനിസിപ്പാലിറ്റി |
| വടക്ക് | : | പാറക്കടവ്പഞ്ചായത്ത്, |
| | | അങ്കമാലി മുനിസിപ്പാലിറ്റി |
| പടിഞ്ഞാറ് | : | പാറക്കടവ് ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് |
| വിസ്തീർണ്ണം | : | 23.14 ച.കി.മീറ്റർ |
| ജനസംഖ്യ | : | 35381 |
| സ്ത്രീകൾ | : | 17850 |
| പുരുഷന്മാർ | : | 17530 |
| ഭിന്നലിംഗം | : | 1 |
| പട്ടികജാതി | : | 7797 |
| പട്ടികജാതി സ്ത്രീകൾ | : | 3909 |
| പട്ടികജാതി പുരുഷന്മാർ | : | 3888 |
| പട്ടികവർഗ്ഗം | : | 80 |
| പട്ടികവർഗ്ഗം സ്ത്രീകൾ | : | 43 |
| പട്ടികവർഗ്ഗം പുരുഷന്മാർ | : | 37 |
| വാർഡുകൾ | : | 20 |

ഫോറം.1

## പതിനാലാം പഞ്ചവത്സരപദ്ധതി (2022–27)

## ആസൂത്രണ സമിതി അംഗങ്ങളുടെ വിവരങ്ങൾ

### തദ്ദേശഭരണസ്ഥാപനത്തിന്റെ പേര്: നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

| ക്ര. ന. | പേരും വിലാസവും | ഫോൺ ഇ മെയിൽ ഐ.ഡി | പുനസംഘടിപ്പിച്ച ആസൂത്രണ സമിതിയിലെ സ്ഥാനം | ഉൾപ്പെടുന്ന വിഭാഗം | സ്ത്രീ/ പുരുഷൻ | SC/ST/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം/ പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|---|
| 1 | ജെസ്സി ജോർജ്ജ് ആലുക്കൽ വീട് മേയ്ക്കാട് പി.ഒ | 9539645677 | അദ്ധ്യക്ഷൻ | ജനറൽ | സ്ത്രീ | – | ഡിഗ്രി, ബികോം | – | ജനസേവനം |
| 2 | എം.വി.കുഞ്ഞവര മഴുവൻചേരി ചെങ്ങമനാട് പി.ഒ പൊയ്ക്കാട്ടുശ്ശേരി | 9446471766 kunjavara58 @gmail.com | ഉപാദ്ധ്യക്ഷൻ | ജനറൽ | പുരുഷൻ | – | ഐ.ടി.ഐ | ജനകീയാസൂത്രണം 1996 മുതൽ DRP, KRP, BLTC ആസൂത്രണം വൈസ് ചെയർമാൻ | കെ.എസ്.ഇ.ബി. എ.ഇ. റിട്ടയേർഡ് |
| 3 | ഡോ.ജോസ്ആന്റണി അരീക്കൽ ഹൗസ് മേയ്ക്കാട് പി.ഒ | 9446217759 | അംഗം | ജനറൽ | പുരുഷൻ | | എം.എസ് ഡബ്ല്യു, പി.എച്ച്.ഡി | | |
| 4 | സുരേഷ് നാരായണൻ തുരുത്തിയാഴത്ത്മന അകപറമ്പ്, മേയ്ക്കാട് | 9846060049 suran99 @gmail.com | അംഗം | ജനറൽ | പുരുഷൻ | | ബി.ടെക്. എം.ബി.എ | | |
| 5 | പി.എൻ വിജയൻ പേരിക്കാട്ടിൽ അത്താണി | 9446814414 | അംഗം | ജനറൽ | പുരുഷൻ | | ബി.എസ്.സി (അഗ്രി) പി.ജി ഡിപ്ലോമ | | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (റിട്ടയേർഡ്) |
| 6 | എസ്.ജലാലുദ്ദീൻ ലാൽ കോട്ടേജ് മേയ്ക്കാട് | 9447212099 | അംഗം | ജനറൽ | പുരുഷൻ | | ഐ.ടി.ഐ | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7 | എ.പി.ജി.നായർ<br>പുഷ്പവാടി<br>മേയ്ക്കാട് | 9846941103<br>apgnair41<br>@gmail.com | അംഗം | ജനറൽ | പുരുഷൻ | | ഐ.ടി.ഐ | ജനകീയാസൂത്രണം 1996 മുതൽ KRP<br>BLTAG(Parakkadavu)<br>DLTAG(EKM Dist. Panchayath)<br>ദാരിദ്ര്യ നിർമ്മാർജ്ജനം വർക്കിംഗ് ഗ്രൂപ്പ് വൈസ് ചെയർമാൻ (2000–2017),<br>ആസൂത്രണസമിതി വൈസ് ചെയർമാൻ (2017–22) | റിട്ടയേർഡ് Engg TELK |
| 8 | വി.എ ഡാനിയേൽ<br>വല്ലത്തുകാരൻ വീട്<br>പൊയ്ക്കാട്ടുശ്ശേരി<br>ചെങ്ങമനാട് പി.ഒ | 938777708 | അംഗം | ജനറൽ | പുരുഷൻ | | എസ്.എസ്.എൽ.സി | | പൊതു പ്രവർത്തനം |
| 9 | ഷിബു മൂലൻ<br>മൂലൻ വീട്<br>വലിയവാപ്പാലശ്ശേരി | 9447001196 | അംഗം | ജനറൽ | പുരുഷൻ | | ഡിഗ്രി | | |
| 10 | പി.വി പൗലോസ്<br>പെട്ടയിൽ വീട്<br>തുരുത്തിശ്ശേരി<br>മേയ്ക്കാട് പി.ഒ | 9446741778 | അംഗം | ജനറൽ | പുരുഷൻ | | ഐ.ടി.ഐ | | |
| 11 | സി.വൈ ശാബോർ<br>ചെറുതൊട്ടിൽ വീട്<br>മേയ്ക്കാട് പി.ഒ | 949519525 | അംഗം | ജനറൽ | പുരുഷൻ | | ഐ.ടി.ഐ | | പൊതു പ്രവർത്തനം |
| 12 | എം. എൻ ഗോപി<br>മംഗലത്ത് കൊങ്ങോത്ര<br>മേയ്ക്കാട് പി.ഒ | 9388470440 | അംഗം | ജനറൽ | പുരുഷൻ | | | | |
| 13 | സണ്ണി പോൾ<br>കൂരൻ<br>ചെറിയവാപ്പാലശ്ശേരി<br>മേയ്ക്കാട് പി.ഒ | 9961375678 | അംഗം | ജനറൽ | പുരുഷൻ | | എസ്.എസ്.എൽ.സി | | |
| 14 | പി.സി. സോമശേഖരൻ<br>ചന്ദ്രഭവൻ, മേയ്ക്കാട്,<br>അങ്കമാലി സൗത്ത്<br>പി.ഒ | 9387554679 | അംഗം | ജനറൽ | പുരുഷൻ | | പി ഡി സി | | പൊതു പ്രവർത്തനം |
| 15 | സെയ്ത് മുഹമ്മദ്<br>കിഴക്കേകുന്നുങ്കൽ<br>മേയ്ക്കാട് പി.ഒ | 9539467767 | അംഗം | ജനറൽ | പുരുഷൻ | | ഐ.ടി.ഐ | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 16 | ബിജി സുരേഷ് വളപ്പിൽ വീട്, പൂക്കൈത, മേയ്ക്കാട് പി.ഒ | 8590340778 | അംഗം | ജനറൽ | സ്ത്രീ | | എസ്.എസ്.എൽ.സി | | പൊതു പ്രവർത്തനം |
| 17 | എ. വി സുനിൽ ആത്തിവിള വീട് ചെറിയ വാപ്പാലശ്ശേരി | 9497509863 | അംഗം | എസ് സി | പുരുഷൻ | | | | പൊതു പ്രവർത്തനം |
| 18 | പി.ജെ ജോണി പയ്യപ്പിള്ളി | 9946738160 | അംഗം | ജനറൽ | പുരുഷൻ | | | | |
| 19 | കെ.കെ. വിജയപ്രകാശ് കൃഷ്ണ വിലാസം പൊയ്ക്കാട്ടുശ്ശേരി | 9847907251 vijayaprakash 13@gmail.co m | അംഗം | ജനറൽ | പുരുഷൻ | | ഡിഗ്രി | | റിട്ടയേർഡ് പ്രൈവറ്റ് എംപ്ലോയി. സാമൂഹ്യ സേവനം |
| 20 | എ.കെ മാത്തുക്കുട്ടി അരീയ്ക്കൽ അങ്കമാലി സൗത്ത് പി.ഒ ചെറിയവാപ്പാലശ്ശേരി | 9449081174 | അംഗം | ജനറൽ | പുരുഷൻ | | പിജി ഡിപ്ലോമ മെക്കാനിക്കൽ എഞ്ചിനീയറിംഗ് | | Retired From BARC |
| 21 | പി. ജെ ജോയി പറവട്ടി മേയ്ക്കാട് പി.ഒ | 9847594290 | അംഗം | ജനറൽ | പുരുഷൻ | | പി ഡി സി | | |
| 22 | എ.കെ ധനേഷ് അപ്പനക്കുഴി തുരുത്തിശ്ശേരി | 9847683456 | അംഗം | ജനറൽ | പുരുഷൻ | | ഐ.ടി.ഐ | | |
| 23 | ജോസ് പി വർഗ്ഗീസ് പൈനാടത്ത് മേയ്ക്കാവ് വാപ്പാലശ്ശേരി പി.ഒ | 9846839539 | അംഗം | ജനറൽ | സ്ത്രീ | | പി ഡി സി | | |
| 24 | പി എച്ച് അസ് ലാം പാണ്ടിയാലപറമ്പിൽ കുന്നിശ്ശേരി അത്താണി | 9961287855 | അംഗം | ജനറൽ | പുരുഷൻ | | | | |
| 25 | ജീമോൻ കയ്യാല കയ്യാല വാപ്പാലശ്ശേരി പി.ഒ | 9447156151 | അംഗം | ജനറൽ | പുരുഷൻ | | | | |
| 26 | പി വൈ എൽദോ പറവട്ടി, തുരുത്തിശ്ശേരി മേയ്ക്കാട് പി.ഒ | 9447812250 | അംഗം | ജനറൽ | പുരുഷൻ | | | | പൊതു പ്രവർത്തനം |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 27 | എൻ. വി ബാബു<br>നടുവിലപ്പറമ്പ്<br>പൊയ്ക്കാട്ടുശ്ശേരി<br>ചെങ്ങമനാട് പി.ഒ | 8547845717 | അംഗം | ജനറൽ | പുരുഷൻ | | | | പൊതു<br>പ്രവർത്തനം |
| 28 | പി വി കുഞ്ഞ്<br>പാറയിൽ<br>തുരുത്തുശ്ശേരി<br>മേയ്ക്കാട് പി.ഒ | 9446605164 | അംഗം | ജനറൽ | പുരുഷൻ | | പി.ഡി.സി | | പൊതു<br>പ്രവർത്തനം |
| 29 | പി പി ഐസക്ക്<br>പൈനാടത്ത്<br>നെടുമ്പാശ്ശേരി | 9847918541 | അംഗം | ജനറൽ | പുരുഷൻ | | | | |
| 30 | എം വി ഷാജു<br>മാത്തിങ്കൽ, മേയ്ക്കാട്<br>മേയ്ക്കാട് പി.ഒ | 8289887833 | അംഗം | ജനറൽ | പുരുഷൻ | | ഡിഗ്രി | | |
| 31 | നിപ്ത്യ ഭവശി<br>നെല്ലിക്കാത്ത്കാട്<br>ചെറിയവാപ്പാലശ്ശേരി<br>അങ്കമാലി സൗത്ത് പി.ഒ | 9946578683 | അംഗം | ജനറൽ | സ്ത്രീ | | ഡിഗ്രി | | |
| 32 | കല്ല്യാണി ഗിരീഷ്<br>ഐശ്വര്യഭവൻ<br>കാരയ്ക്കാട്ടുകുന്ന്<br>മേയ്ക്കാട് പി.ഒ | 9495811814 | അംഗം | ജനറൽ | സ്ത്രീ | | പി ഡി സി | | |
| 33 | പി.വി.തോമസ്<br>പുതുശ്ശേരി ,<br>ചെങ്ങമനാട് പി.ഒ | 9961837634 | അംഗം | ജനറൽ | പുരുഷൻ | | ഐ.ടി.ഐ | | പൊതു<br>പ്രവർത്തനം |
| 34 | ബീന ഷിബു<br>കോയിക്കൽ<br>പൊയ്ക്കാട്ടുശ്ശേരി<br>ചെങ്ങമനാട് പി.ഒ | 8943571204 | അംഗം | ജനറൽ | സ്ത്രീ | | സിവിൽ<br>എഞ്ചിനീയറിംഗ് | | പൊതു<br>പ്രവർത്തനം |

ഭരണസമിതി തീരുമാന നമ്പരും തീയതിയും: 19.01.2026 ലെ 2 (1)-ാം നമ്പർ തീരുമാനം വാർഷിക പദ്ധതി...................

അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ/കൺവീനർ/അംഗം/ തദ്ദേശഭരണ അദ്ധ്യക്ഷൻ/സെക്രട്ടറി/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/വിദഗ്ദ്ധ അംഗം/സന്നദ്ധപ്രവർത്തകർ

സ്ഥലം:

ഒപ്പ് :

തീയതി:

പ്രശാന്ത് കെ.കെ

## അദ്ധ്യായം-1

## തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസനസ്ഥിതി-അവസ്ഥാ വിശേഷം

ഒരു കാലത്ത് നെൽവയലുകളുടെ കേന്ദ്രമായിരുന്നു നെടുമ്പാശ്ശേരി. നെല്ലും, തെങ്ങും, കവുങ്ങും, വാഴയും കിഴങ്ങു വർഗ്ഗ വിളകളും, പച്ചക്കറികളും, ചെറുധാന്യങ്ങളും കൊണ്ട് സമ്പൽ സമൃദ്ധമായിരുന്നു പുരയിടങ്ങൾ. ഓരോ വീടും സ്വയം പര്യാപ്തമായിരുന്നു (Self Reliant). എന്നാൽ കൃഷി ലാഭകരമല്ലാതായതോടെ കർഷകർ സർവ്വീസ് രംഗത്തേക്കും, മറ്റ് മേഖലകളിലേക്കും കളംമാറി. നെല്ല്, തെങ്ങ് എന്നീ കൃഷികളിൽ കുറവുണ്ടായി എങ്കിലും കിഴങ്ങ് വർഗ്ഗ വിളയായ കപ്പ, വാഴ, പച്ചക്കറി എന്നിവയിൽ മുന്നേറാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അങ്കമാലി മാഞ്ഞാലി തോടിന്റെ മള്ളുശ്ശേരി ഭാഗത്ത് വർഷങ്ങളായി തരിശു കിടന്ന 100 ഹെക്ടറിൽ കൃഷി ഇറക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൂടുതൽ തരിശു നിലം നെൽകൃഷിക്ക് ഉപയുക്തമാക്കുവാൻ പദ്ധതിയിടുന്നു. ഈ കാഴ്ചപ്പാടിലാണ് അങ്കമാലി മാഞ്ഞാലി തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുവാൻ പദ്ധതി നിർദ്ദേശം വക്കുന്നത് . കൂടാതെ ചെറുധാന്യങ്ങളായ റാഗി, ചാമ, തിന മുതലായ കൃഷി പ്രത്സാഹിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. നെടുമ്പാശ്ശേരിയിലെ ഓരോ വീട്ടിലും പശുവും, ആടും, കോഴിയും, കാളയും ധാരാളം ഉണ്ടായിരുന്നു. ഇന്ന് അണുകുടുംബങ്ങൾ ആയതോടെ മൃഗപരിപാലനവും നിന്നു. വളരെ കുറച്ച് കുടുംബങ്ങൾ പശുകൃഷിയിൽ ഇന്നും വ്യാപൃതരാണ്. ആ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുകയും, അവർക്ക് പിൻതുണ കൊടുക്കുകയും വേണം. കാലിത്തീറ്റ നിർമ്മാണവും, കാലിരോഗബോധവൽക്കരണവും നടപ്പിലാക്കണം. മത്സ്യകൃഷി പ്രോത്സാഹനവും ആവശ്യമാണ്. ഇതിനോടൊപ്പം അന്താരാഷ്ട്ര വിമാനത്താവളം വന്നു. നെടുമ്പാശ്ശേരി അന്താരാഷ്ട്ര തലത്തിലേക്ക് ഉയർന്നു.

ഇന്ന് 35000 ൽ പരം ജനസംഖ്യയുള്ള 23 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്ത് ദിനം പ്രതി നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ്. എറണാകുളം ജില്ലയിലെ നഗരവൽകൃതമാകുന്ന പ്രദേശം (Urban Agglomeration Area ) ത്തിൽ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തും ഉൾപ്പെടുന്നു. ജനസംഖ്യയിൽ പകുതിയിലധികം സ്ത്രീകളും ഇരുപത്തിയൊന്നു ശതമാനം പട്ടികജാതി വിഭാഗക്കാരും 30 ശതമാനത്തോളം എ.പി.എൽ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളുമാണ് ഇരുപത് വാർഡുകളിലായി ഈ ഗ്രാമപഞ്ചായത്തിലുള്ളത്. കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലത്ത് വലിയ സാമൂഹ്യ സാമ്പത്തിക മാറ്റങ്ങളാണ് ഈ പ്രദേശത്ത് വന്നിട്ടുള്ളത്. പ്രധാനമായും നെൽകൃഷിയും, ഇഷ്ടിക നിർമ്മാണവും ഉൾപ്പെടെയുള്ള ചെറുകിട സംരംഭങ്ങളും പൂർണ്ണമായിത്തന്നെ ഈ പ്രദേശത്ത് നിന്ന് അപ്രത്യക്ഷമായി. നിരവധി കുടുംബങ്ങൾ പ്രദേശത്ത് നിന്ന് താമസം മാറി പോവുകയും, മറ്റുനിരവധി കുടുംബങ്ങൾ ആറുസെന്റ് മാത്രമുള്ള കോളനികളിലേക്ക് മാറ്റപ്പെടുകയും

ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ മാറ്റങ്ങൾ ഈ പ്രദേശത്തെ തൊഴിൽ മേഖലയെ വിശിഷ്യാ അസംഘടിത മേഖലയിലെ തൊഴിലും വരുമാനവും ഇല്ലാതാക്കിയിട്ടുണ്ട്.

നെൽപ്പാടങ്ങൾ നികത്തി കെട്ടിട നിർമ്മാണം നടത്തുകയും, പുറത്തുനിന്നുള്ളവർ നിക്ഷേപമാക്കി, തരിശാക്കി മാറ്റിയിട്ടുമുണ്ട്. നിർമ്മാണ മേഖലയിലെ തൊഴിലവസരങ്ങൾ അതിഥിത്തൊഴിലാളികളും, പ്രദേശത്തെ വാണിജ്യ വൽക്കരണത്തിന്റെ ഭാഗമായി വന്ന സ്ഥാപനങ്ങളിലെ തൊഴിലുകൾ പ്രദേശത്തിനു പുറത്തുള്ളവരും കയ്യടക്കിയതോടെ ഈ പഞ്ചായത്തു പ്രദേശത്തെ സംഘടിത, അസംഘടിത മേഖലകളിലെ തൊഴിൽ ലഭ്യത ഇല്ലാതായെന്നു തന്നെ പറയാം.

2018 ലെ പ്രളയം, ഇപ്പോഴും തുടരുന്ന കോവിഡ് 19 മഹാമാരി എന്നിവ വലിയതോതിലുള്ള സമ്പദ് നാശം, തൊഴിൽ വരുമാനക്കുറവ് എന്നിവ ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഉണ്ടാക്കിയിട്ടുണ്ട്. ഉല്പാദന മേഖല കഴിഞ്ഞ കാൽ നൂറ്റാണ്ടു കാലമായി മുന്നോട്ടു പോയില്ല എന്നുമാത്രമല്ല പിന്നോട്ടടി നേരിട്ടിട്ടുണ്ട്. സ്ത്രീകൾ, പട്ടികജാതി വിഭാഗക്കാർ എന്നിവർക്ക് പ്രത്യേക പദ്ധതികൾ ഉണ്ടായിട്ടും ലക്ഷ്യമിട്ടിട്ടുള്ള വികസനത്തിന്റെ പകുതി പോലും നേടാനായിട്ടില്ല. ഈ മേഖലകളിലെ തൊഴിൽ, വരുമാന ലഭ്യത, സാമൂഹികമായ മുന്നേറ്റം എന്നിവയിൽ ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. പാലുല്പാദനം, മുട്ടയുൽപാദനം, ശുദ്ധമായ മാംസലഭ്യത എന്നിവ ആവശ്യത്തിന്റെ പകുതിപോലുമില്ല. പ്രാദേശികമായ വികസനം, പ്രദേശത്തിന്റെ വാണിജ്യവൽക്കരണം, വിമാനത്താവള മേഖലയെന്ന രീതിയിൽ പ്രദേശത്ത് വന്നു പോകുന്നവരുടെ എണ്ണം വർദ്ധിക്കൽ മുതലായവ പ്രദേശത്തെ ഖര, ദ്രവ മാലിന്യ വർദ്ധനക്ക് കാരണമായിട്ടുണ്ട്. ശാസ്ത്രീയമായ മാലിന്യപരിപാലനത്തിൽ പഞ്ചായത്ത് ഏറെ മുന്നോട്ടുപോയിട്ടുണ്ട് എങ്കിലും പൂർണ്ണമായി എന്ന് പറയാനായിട്ടില്ല എന്നുമാത്രമല്ല മാലിന്യ പ്രശ്നം മണ്ണ്, ജലം, വായു എന്നിവയെ ബാധിക്കുകവഴി ആരോഗ്യരംഗത്ത് പ്രശ്നങ്ങൾ നിലനിൽക്കുന്നു. ആരോഗ്യമേഖലയിൽ മുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സാധാരണജനങ്ങൾ, വയോധികർ തുടങ്ങിയവർക്ക് നിരവധി പ്രശ്നങ്ങൾ ഈ മേഖലയിൽ അവശേഷിക്കുന്നുണ്ട്. കുടുംബശ്രീപ്രവർത്തനങ്ങൾ, തൊഴിലുറപ്പുപദ്ധതി എന്നിവ കൂടുതൽ ഉല്പാദന സേവന മേഖലകളുമായി ബന്ധിപ്പിക്കേണ്ടതുണ്ട്.

കൂടുതൽ വർദ്ധിക്കുന്ന വയോജന പ്രശ്നങ്ങൾ, അതിഥിതൊഴിലാളികളുടെ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാനുള്ള സമഗ്രവും, ഭാവനാപൂർണ്ണവുമായ പദ്ധതികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

പ്രദേശത്തെ വിദ്യാലയങ്ങളിലെ പഠനനിലവാരം, കുട്ടികളുടെ വ്യക്തിത്വവികസനം എന്നിവയിൽ നിരവധി കുറവുകൾ പരിഹരിക്കേണ്ടതുണ്ട്. കലാ കായിക മേഖലകളിലും വികസന പദ്ധതികൾ അനിവാര്യമാണ്. വലിയതോതിലുള്ള ദുരന്തങ്ങൾ നേരിടുകയും, കാലാവസ്ഥാ വ്യതിയാനം, കൃഷി, ആരോഗ്യമേഖല എന്നിവയെ ബാധിക്കുകയും ചെയ്യുന്ന

സാഹചര്യത്തിൽ ദുരന്തനിവാരണ പദ്ധതികൾ ശക്തമാക്കേണ്ടതുണ്ട്. കുടിവെള്ള ലഭ്യതയ്ക്ക് സുസ്ഥിര സംവിധാനങ്ങൾ കൂടി വളർത്തിയെടുക്കേണ്ടതുണ്ട്.

ഊർജ്ജ മേഖലയിൽ പാതകളിലെ വിളക്കുകൾ സ്ഥാപിക്കുന്നത് പൂർത്തിയാക്കുന്നതോടൊപ്പം ഹരിതോർജ്ജ വികസനത്തിൽ ഏറെ മുന്നോട്ട് പോകേണ്ടത് അനിവാര്യമാണ്. റോഡ് വികസനത്തിൽ വൻതോതിൽ വളർച്ച നേടിയ പഞ്ചായത്തിൽ നിലവിലുള്ള പഞ്ചായത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കണം. ഒപ്പം റോഡ് സുരക്ഷാ പദ്ധതികളും ഉണ്ടാകണം.

ഈ പഞ്ചവത്സര പദ്ധതിയിൽതന്നെ സർവ്വർക്കും ഭവനമുണ്ടാകാനുള്ള പ്രവർത്തനങ്ങളും ആവശ്യമാണ്. ഇത്തരത്തിൽ ഉല്പാദനമേഖലയിലെ വളർച്ച ഉറപ്പാക്കി ഭക്ഷ്യസുരക്ഷ, തൊഴിൽ, വരുമാനം എന്നിവ ഉറപ്പാക്കുകയും ദുർബലവിഭാഗങ്ങളെ സാമൂഹ്യവികസന വഴിയിൽ എത്തിക്കാനുള്ള പദ്ധതികൾക്ക് ആക്കം കൂട്ടുകയും ഒപ്പം നിലവിലെ സേവന അടിസ്ഥാന മേഖലകളിലെ വികസനക്കുതിപ്പ് ഉറപ്പാക്കാനും ആണ് ശ്രമിക്കേണ്ടത്. പ്രദേശത്തിന്റെ വികസനം തൊഴിൽ, വരുമാനലഭ്യത ഉറപ്പാക്കുന്നതോടൊപ്പം പ്രദേശത്ത് മണ്ണ്, വായു, ജലം എന്നിവയുടെ ക്ഷമതയും, ശുദ്ധിയും ഉറപ്പാക്കുന്നതാകണം പദ്ധതിയുടെ അനന്തരഫലം.

## അദ്ധ്യായം–2

## വാർഷിക പദ്ധതി അവലോകനം

**കഴിഞ്ഞ പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തെ പ്രധാന പദ്ധതികൾ, ഫണ്ട് വിനിയോഗം, പൂർത്തീകരണം എന്നിവ സംബന്ധിച്ച ഒരു ലഘു വിവരണമാണ് ഇവിടെ നൽകുന്നത്.**

**പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ നാല് വർഷങ്ങളിലെ ഫണ്ട് വിനിയോഗം പൂർത്തീകരണം എന്നിവ സംബന്ധിച്ച ഒരു ലഘു വിവരണം തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.**

| വർഷം | ലഭ്യമായ തുക (കോടി രൂപ) | ഉപയോഗിച്ച തുക (കോടി രൂപ) | ഉപയോഗ ശതമാനം (%) |
|---|---|---|---|
| **2022-23** | **15.60** | **8.42** | **54.1** |
| **2023-24** | **19.86** | **6.63** | **33.4** |
| **2024-25** | **28.27** | **11.53** | **40.8** |
| **2025-26** | നടന്നു കൊണ്ടിരിക്കുന്നു | | |

**ഇതു പ്രകാരം ലഭ്യമായ തുകയുടെ വലിയൊരു ശതമാനം ചിലവാക്കാതെയുണ്ട് എന്നത് വസ്തുതയാണ്. വളരെയധികം പദ്ധതികൾ ചുരുക്കം ഉദ്യോഗസ്ഥർ നടത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ, മാറി മാറി വന്ന ബൈ ഇലക്ഷനുകൾ, പാർലമെന്ററി ഇലക്ഷൻ എന്നിവ മൂലം ഏകദേശം 30% പദ്ധതികൾ തീരെ നടപ്പാക്കാൻ കഴിയാതെ പോയിട്ടുണ്ട്. ഇതിൽ ചിലത് ഗുണഭോക്താക്കളെ ലഭ്യമല്ലായ്മയും, ചിലത് സാങ്കേതിക നിയമ തടസ്സങ്ങൾ മൂലവും നടക്കാതെ പോയി. എന്നാൽ നടപ്പാക്കിയ പദ്ധതികളിൽ നല്ലതോതിൽ ഫണ്ട് വിനിയോഗം നടത്തിയിട്ടുണ്ട്. മേൽ വർഷങ്ങളിൽ പ്ലാൻഫണ്ടുകൾ ഉപയോഗിച്ചുള്ള പദ്ധതികളിൽ 90% കൂടുതൽ വിനിയോഗിക്കാനായിട്ടുണ്ട്. ഭവനനിർമ്മാണ മേഖലയിൽ ലൈഫ് മിഷനുമായിച്ചേർന്ന് വലിയ തോതിൽ ഭവനത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനായി. ഇക്കാര്യത്തിൽ പൂർണ്ണമായി വിജയിച്ചതായി കാണാം. മറ്റൊന്ന് റോഡ് നിർമ്മാണ മേഖലയിലെ പ്രതിസന്ധിയാണ്, 2023-24 വാർഷിക പദ്ധതിയിൽ റോഡ് നിർമ്മാണ മേഖലയിൽ ലഭ്യമായ തുക ഒന്നും തന്നെ ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല, കേന്ദ്ര സർക്കാരിന്റെ ജലജീവൻ മിഷൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട് റോഡുകൾ കുഴി എടുത്ത് ഇടുകയും ആയതിന്റെ റീ സ്റ്റോറേഷൻ വർക്കുകൾ നടത്താതെ വരികയും ചെയ്തത് റോഡ് പ്രവൃത്തികളെ വളരെ ദോഷമായി ബാധിച്ചു. ജലജീവൻ മിഷൻ റെക്ടിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാതിരുന്നതിനാൽ പഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ ഏറ്റെടുത്തിരുന്ന കോൺട്രാക്ടർമാർക്ക് പ്രവൃത്തികൾ നിർവ്വഹണം**

**നടത്താൻ സാധിച്ചില്ല ഇത് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിലെ ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു. ഇതു മൂലം 2023-24 വാർഷിക പദ്ധതി പഞ്ചായത്തിനു ലഭ്യമായ 1,88,00,000 രൂപ റോഡ് ഗ്രാന്റ് നഷ്ടപ്പെടുകയാണുണ്ടായത്. 2023-24 ലെ വാർഷിക പദ്ധതിയിൽ റോഡ് പദ്ധതികളെല്ലാം തന്നെ ടെണ്ടർ ചെയ്ത് എഗ്രിമെന്റിൽ ഏർപ്പെട്ടവയായതിനാൽ നഷ്ടമായ റോഡ് ഗ്രാന്റിന് പകരമായി തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്തേണ്ടത് അനിവാര്യമായിരുന്നു. തനത് ഫണ്ടിനത്തിൽ ഇത്രയും അധികം തുക റോഡ് പ്രവൃത്തികൾക്ക് നീക്കി വയ്ക്കേണ്ടിവന്നത് പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയേയും സാരമായി ബാധിച്ചിട്ടുണ്ട്. 2024-25 വാർഷിക പദ്ധതി റോഡുകളുടെ പണിപൂർത്തിയാക്കുന്നതിൽ ജലജീവൻ പദ്ധതികൾ നടപ്പിലാക്കുന്നതിന് റോഡുകൾ മുഴുവൻ കുഴിച്ചത് – ഗതാഗതത്തെ സാരമായി ബാധിച്ചു. റോഡുകളിൽ നിരന്തരം അപകടം ഉണ്ടാകുന്നത് പതിവായി. ഈ അടിയന്തിരാവസ്ഥ പരിഗണിച്ച് റോഡ് റീസ്റ്റോറേഷൻ പ്രവർത്തിക്ക് തനത് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ രൂപീകരിക്കേണ്ടി വന്നു.**

**മാലിന്യമുക്ത നവകേരളവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് സർക്കാർ മുൻഗണന നൽകുന്നതിനാൽ മാലിന്യ സംസ്കരണ മേഖലയിൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തും മുൻഗണന നൽകുന്നു. ഈ വർഷത്തെ പ്രവർത്തന പദ്ധതിയിൽ മാലിന്യ സംസ്കരണം എന്ന പ്രശ്നം പരിഹരിക്കുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിദാരിദ്ര്യ നിർമ്മാർജ്ജനം, ഭവനനിർമ്മാണം, ശുചിത്വ ഗ്രാമം എന്നീ മേഖലകളിൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.**

# അദ്ധ്യായം – 3
# പ്രശ്നവിശകലനവും – പരിഹാരസാദ്ധ്യതകളും

## കൃഷി മൃഗസംരക്ഷണം ക്ഷീരവികസനം മത്സ്യകൃഷി

കാർഷിക ഗ്രാമമമായിരുന്ന നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ കൃഷി ധാരാളം പ്രശ്നങ്ങളുടെ നടുവിലാണ്. നെൽകൃഷി കുറഞ്ഞു വരുന്നു. തെങ്ങുകൃഷി ലാഭകരമല്ല, വാഴ കപ്പ ഉൽപ്പന്നങ്ങൽക്ക് വിലസ്ഥിരതയില്ല. യുവതലമുറ കൃഷിയിലേക്ക് വരുന്നില്ല. ആധുനിക കൃഷിരീതികൾ വേണ്ടത്ര പരീക്ഷിക്കപ്പെടുന്നില്ല. മണ്ണിന്റെ ഉൽപ്പാദന ക്ഷമത കുറഞ്ഞു വരുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കൃഷി നഷ്ടങ്ങൾ, ഇതിനെല്ലാം എതിരെ പടവെട്ടി കൃഷിയിൽ ഏർപ്പെടുന്ന കർഷകരെ സംരക്ഷിക്കേണ്ടിയിരിക്കുന്നു. വിത്ത്, വളം ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദന ഉപാധികൾ എന്നിവയുടെ വിതരണ സഹായം വർദ്ധിപ്പിക്കണം. അങ്കമാലി– മാഞ്ഞാലി തോട് വശങ്ങളിൽ ഇപ്പോൾ ചെയ്യുന്ന പോലെ തരിശായി കിടക്കുന്ന കൃഷി സ്ഥലങ്ങൾ ഇനിയും നെൽകൃഷിക്ക് ഉപയുക്തമാക്കണം.

തരിശായികിടക്കുന്ന സ്ഥലങ്ങളിൽ കൃഷി നടത്താനും, കാർഷികരംഗത്തെ സേവനം ലഭ്യമാക്കാനും കർഷകസഹായ കേന്ദ്രങ്ങളും, കാർഷിക കർമ്മസേനയും വികസിപ്പിച്ചും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന തരത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൃഷി നടത്തുന്നതിന് പരിശീലനവും, സഹായവും നൽകുക. കാർഷികോൽപ്പാദനം ലാഭകരമാക്കാനും, മണ്ണിന്റെ ഗുണനിലവാരം ഉയർത്താനും ഉതകുന്ന സമഗ്ര വികസനപദ്ധതി മാതൃക വികസിപ്പിക്കുക.

കാർഷിക ഉല്പന്നങ്ങളുടെ വിപണന ശൃംഖലകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ വിപണന സംവിധാനം എന്നിവ വഴി കാർഷിക പ്രവർത്തനം ലാഭകരവും, മണ്ണിന്റെ ക്ഷമത നിലനിർത്താനുള്ള സംവിധാനങ്ങൾ ഉണ്ടാക്കും.

പാൽ, മുട്ട, മത്സ്യം എന്നിവയുടെ പ്രാദേശിക ഉല്പാദനവും വിതരണവും വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ രൂപപ്പെടുത്തിയിട്ടുണ്ട്. ഒപ്പം ശുദ്ധമായ മാംസലഭ്യത ഉറപ്പാക്കുകയും മൃഗസംരക്ഷണ മേഖലയെ ലാഭകരമാക്കുവാൻ തീറ്റപ്പുൽ, തീറ്റച്ചെടി കൃഷികൾ, പ്രാദേശിക കാലിത്തീറ്റ ഉല്പാദനം എന്നിവ പദ്ധതികളിൽ ഉൾപ്പെടുത്തി കാലിചികിത്സാ സംവിധാനം ശക്തമാക്കുന്നതിന് സംയോജിത പദ്ധതിയായി പാറക്കടവ് ബ്ലോക്ക് തലത്തിൽ പരിശോധനാ ലബോറട്ടറി പദ്ധതിയുടെ നിർദ്ദേശം വച്ചിട്ടുള്ളത് നടപ്പാക്കണം.

'വിത്ത് മുതൽ വിപണി വരെ' കാഴ്ചപ്പാടിൽ കർഷക ഉൽപ്പാദക കമ്പനികൾ, കർഷക കൂട്ടായ്മ എന്നിവ രൂപീകരിച്ച് പ്രവർത്തനം നടക്കണം.

പ്രാദേശികസാമ്പത്തിക ശാക്തീകരണത്തിന്റെ ഭാഗമായി കുടുംബശ്രീയുടെ നിലവിലുള്ള ഉല്പാദന, സേവന സംരംഭങ്ങളെ ശക്തിപ്പെടുത്തണം. വിപുലീകരിക്കാവുന്നവ

വിപുലീകരിക്കണം. ചെറുപ്പക്കാരായ സ്ത്രീകളെ ചേർത്ത് സേവനമേഖലയിൽ പുതിയ സംരംഭങ്ങളും ആരംഭിക്കണം. കാർഷിക മേഖലകളിലെയും, ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലേയും ഉല്പന്നങ്ങൾ, സേവനങ്ങൾ എന്നിവയ്ക്കായി പുതു സംരംഭങ്ങൾ ഉണ്ടാക്കണം. പഞ്ചായത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയ തൊഴിൽരഹിതരായവരെ CDICIC സർവ്വേയിൽ നിന്ന് കണ്ടെത്തി പ്രത്യേക പദ്ധതി നടപ്പാക്കണം. ഈ മേഖലകളിൽ സ്ത്രീകൾ, എസ്.സി/എസ്.ടി വിഭാഗക്കാർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകണം. പ്രാദേശിക തൊഴിലന്വേഷകരേയും, തൊഴിൽദാതാക്കളേയും ബന്ധിപ്പിക്കുന്ന സംവിധാനങ്ങൾ പ്രാവർത്തികമാക്കണം.

സംരംഭകർക്ക് സർവ്വവിധസഹായവും നൽകുന്ന സംരംഭക സേവനകേന്ദ്രം പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നു. ഉല്പന്നം തെരഞ്ഞെടുക്കൽ, സംരംഭകത്വ പരിശീലനം, സാമ്പത്തികസഹായം ലഭ്യമാക്കൽ എന്നിവയ്ക്കെല്ലാം പഞ്ചായത്ത് തലത്തിലും ഈ സേവനകേന്ദ്രം നടപ്പിലാക്കാൻ മുൻകൈ എടുക്കണം. ഈ പ്രദേശത്ത് തൊഴിൽ ദാതാക്കളേയും, തൊഴിൽ അന്വേഷകരേയും ബന്ധിപ്പിക്കുന്ന തൊഴിൽ മേള സംഘടിപ്പിക്കണം. കൂടാതെ കഴിഞ്ഞ വർഷം തുടങ്ങിയ സംരംഭകരുടെ തുടർ സഹായ പദ്ധതിയുമായി മുന്നോട്ട് പോകണം. തൊഴിലുറപ്പ്, ബഡ്ജറ്റ് നിർമ്മാണം കൂടുതൽ ശാസ്ത്രീയവും, സമയബന്ധിതവുമായി നടപ്പാക്കി കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കണം. ഇവരുടെ കൂട്ടായ സംരംഭകപദ്ധതികളുടെ സാദ്ധ്യതപരിശോധിക്കണം.

വിദ്യാഭ്യാസമേഖലയിൽ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം വിദ്യാഭ്യാസനിലവാരം ഉയർത്തുകയും, വിദ്യാർത്ഥികളെ പ്രാദേശിക സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ജീവിതവെല്ലുവിളികളെ നേരിടാനും പ്രാപ്തരാക്കണം. ഇതിനുതകുന്ന തരത്തിലുള്ള പദ്ധതികൾ 2024-25 വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സമഗ്ര വികസനം ലക്ഷ്യമിട്ടാണ് സ്കൂൾ കോംപ്ലക്സ് പദ്ധതിക്ക് രൂപം നൽകിയത്. ചില സാങ്കേതിക കാരണങ്ങളാൽ നാം ആഗ്രഹിച്ച തരത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. ഈ വർഷം അത് ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. കലാകായിക പ്രവർത്തനങ്ങൾ, ആരോഗ്യാവസ്ഥാനിർണ്ണയം എന്നിവകൂടി പഠനത്തോടൊപ്പം ഉറപ്പാക്കണം. വായനശാലകളെയും, യുവജനക്ലബ്ബുകളെയും കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതോടൊപ്പം വിജ്ഞാനവികസന പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലിന് പ്രാപ്തമാക്കണം. കലാസാഹിത്യ രംഗങ്ങളിലെയും, കായികമേഖലയിലേയും പങ്കാളിത്തവും, പ്രോത്സാഹനവും ഉറപ്പാക്കണം. ക്രിക്കറ്റ്, ഫുട്ബോൾ എന്നിവയോടൊപ്പം വിവിധ മത്സരങ്ങളിൽ കൂടി പ്രാവീണ്യം നൽകുന്നതിനുള്ള പദ്ധതികൾ ഉണ്ടാകണം. ടേബിൾ ടെന്നീസ്, ബാഡ്മിന്റൺ, വോളിബോൾ, ഷട്ടിൽകോർട്ട്, ടെന്നീസ് കോർട്ട്, ഹാൻഡ് ബോൾ, യോഗ തുടങ്ങിയവയുടെ പരിശീലനവും മത്സരവും നടത്തണം. പ്രാദേശികമായ കല, സംസ്ക്കാരം, വൈദഗ്ദ്ധ്യം എന്നിവ കണ്ടെത്തി ശേഖരിക്കാനും, പഠിക്കാനും ഈ മേഖലയിൽ പ്രഗൽഭരെ കണ്ടെത്തി ആദരിക്കാനും, വരും തലമുറകൾക്ക് തുടർ പരിശീലനം നൽകാനും ശ്രമമുണ്ടാകണം.

ഹൈസ്ക്കൂൾ തലം മുതൽ ശാസ്ത്രസാങ്കേതിക മേഖലകളിലും തൊഴിൽ പ്രാവീണ്യം നേടുന്നതിനും, മത്സരപരീക്ഷ തയ്യാറെടുപ്പിനും, പരിശീലനത്തിന് പ്രാദേശികസംവിധാനങ്ങൾ ഉണ്ടാകണം.

പട്ടികജാതി, പട്ടികവർഗ്ഗ മേഖലയിൽ അടിസ്ഥാനസൗകര്യങ്ങളായ ഭവനം, ശുദ്ധജലം, ശുചിത്വ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കണം.

പ്രാഥമിക തലം മുതൽ കോളനികൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങളിലും, ത്രാണി വികസനത്തിലും വിദ്യാലയ സമയത്തിനുശേഷം സംവിധാനമൊരുക്കണം. കഴിഞ്ഞ വർഷം തുടക്കം കുറിച്ച ഡോ.അംബേദ്കർ പഠന കേന്ദ്രത്തിന്റെ തുടർ പ്രവർത്തനം കൂടുതൽ ശക്തമാക്കണം.

ആരോഗ്യപ്രശ്നങ്ങൾ വയോജനസഹായം, നിയമസഹായം, വിധവകൾ, ഒറ്റപ്പെട്ടവർ എന്നിവർക്കെല്ലാം പ്രത്യേകസഹായപദ്ധതികൾ ആവശ്യമാണ്.

വനിതാക്ഷേമത്തിന് വനിതകളുടെ തൊഴിൽ, വരുമാനം, ആരോഗ്യം, വിദ്യാഭ്യാസം, നിയമസഹായം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ പഠിക്കാനും, നൂതനപദ്ധതികൾ തയ്യാറാക്കാനും കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നതിനും വനിതാറിസോഴ്സ് സെന്ററുകളും, വനിതാകോർഡിനേറ്ററും ഉണ്ടാകണം. സ്ത്രീകളുടെ ജാഗ്രതാസമിതി പഞ്ചായത്ത് വാർഡു തലത്തിൽ കാര്യക്ഷമമാക്കണം. വനിതകൾക്ക് തൊഴിൽ, സംരംഭം, വരുമാനം ഉറപ്പാക്കൽ, ത്രാണിവികസനം, സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ ആരോഗ്യസംരക്ഷണം, പ്രതിരോധശേഷി പദ്ധതികൾ എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ ഉണ്ടാകണം.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് കൂടുതൽ ജാഗ്രതയോടെയുള്ള പ്രവർത്തനം ഉണ്ടാകണം. അവരെ ശാരീരികമായും മാനസികമായും ശാക്തീകരിക്കുന്ന പദ്ധതികൾ, ബോധവൽക്കരണ ക്ലാസുകൾ ശാരീരിക മാനസിക ക്ഷമതാ പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കണം.

വനിതകൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളെ ക്കുറിച്ച് അവരെ ബോധവാന്മാരാക്കണം.

ശിശുക്ഷേമ മേഖലയിൽ അംഗൻവാടികളുടെ ഭൗതികസാഹചര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം സേവനനിലവാരം ഉയർത്തണം. ശിശുക്കൾ, കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാർ എന്നിവരുടെ ആരോഗ്യസ്ഥിതി നിർണ്ണയം, പോഷകാഹാരം ഉറപ്പാക്കൽ, ഭൗതികവും മാനസീകവുമായ ശാക്തീകരണം എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ നടപ്പാക്കണം. ശിശുക്ഷേമ മേഖലയിൽ അങ്കണവാടികളുടെ ഭൗതിക വികാസത്തോടൊപ്പം സേവന നിലവാരവും ഇനിയും ഉയർത്തേണ്ടിയിരിക്കുന്നു. പഞ്ചായത്ത് അടിസ്ഥാനത്തിൽ മികച്ച അങ്കണവാടികളേയും അധ്യാപകരേയും കണ്ടെത്തുകയും, കുട്ടികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ച് പ്രോത്സാഹിപ്പിക്കുകയും വേണം.

ഓരോ അംഗൻവാടികളേയും, അവയുടെ പ്രവർത്തനങ്ങളേയും ചുറ്റുമുള്ള സമൂഹത്തോട് ബന്ധിപ്പിക്കാനുള്ള നടപടികൾ ഉണ്ടാകണം. ശിശുക്കൾ, കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാർ എന്നിവരുടെ ആരോഗ്യ സ്ഥിതി നിർണ്ണയം, പോഷകാഹാരം ഉറപ്പാക്കൽ എന്നിവയ്ക്ക് പ്രത്യേകം പദ്ധതികൾ ഉണ്ടാക്കി കാര്യക്ഷമമായി നടപ്പിലാക്കുക. പോഷകാഹാര വിതരണവും ആരോഗ്യ രേഖകളുടെ വിലയിരുത്തലും സമയ ബന്ധിതമായി നടത്തുകയും ആവശ്യമായ വ്യതിയാനങ്ങൾ വരുത്തി നടപ്പിലാക്കുകയും വേണം

അംഗൻവാടികളിലെ പോഷകാഹാര വിതരണം, ആരോഗ്യരേഖകൾ എന്നിവയുടെ വിശദമായ വിവരങ്ങൾ എല്ലാമാസവും പരിശോധിക്കുകയും ആവശ്യമായ വ്യതിയാനങ്ങൾ വരുത്തി സേവനം കാര്യക്ഷമമാക്കുകയും ചെയ്യണം. ശാരീരികവും, ബൗദ്ധികവുമായി പരിമിതികളുള്ളവരേയും കുടുംബത്തേയും സഹായിക്കാൻ കഴിയത്തക്കരീതിയിൽ ബഡ്സ് സ്ക്കൂൾ പ്രവർത്തനം കൂടുതൽ ശക്തമാക്കുക. അമ്മമാരുടെ തൊഴിൽ വരുമാനം ഉറപ്പാക്കുകയും വേണം, അതിന് പദ്ധതി ഏറ്റെടുക്കുകയും വേണം.

വയോജനക്ഷേമത്തിന് വയോജനങ്ങളുടെ വിവിധ ആവശ്യങ്ങൾ മനസ്സിലാക്കി അവരുടെ കഴിവുകൾ വിനിയോഗിക്കാനും, ആരോഗ്യസംരക്ഷണം, നിയമസഹായം, മാനസികോല്ലാസം എന്നിവയ്ക്കായി സംയോജിതവും കാര്യക്ഷമവുമായ പദ്ധതികൾ ഉണ്ടാകണം.

വയോജനങ്ങൾക്കറിയാവുന്ന കഥകൾ, നാടൻ പാട്ടുകൾ, പ്രാദേശിക സംഭവങ്ങൾ, ജീവിതാനുഭവങ്ങൾ എന്നിവയൊക്കെ ശേഖരിക്കാനും വരും തലമുറകൾക്ക് പകർന്ന് കൊടുക്കാനും കഴിയുന്ന പദ്ധതികളുണ്ടാകണം.

അങ്കണവാടികളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷനമമാക്കുന്നതിനായി അദ്ധ്യാപകരും രക്ഷിതാക്കളും, പൗരസമൂഹ പ്രാതിനിധ്യമുള്ള സമിതികൾക്ക് രൂപം നൽകണം

<u>അതിഥിതൊഴിലാളി ക്ഷേമം</u>

ഈ മേഖലയിൽ രജിസ്ട്രേഷൻ, ആരോഗ്യം, വിദ്യാഭ്യാസം, കുടുംബസുരക്ഷിതത്വം എന്നിവ ഉറപ്പാക്കാനുള്ള പദ്ധതികൾ തയ്യാറാക്കണം.

<u>കിടപ്പുരോഗിപരിപാലനം</u>

സാമൂഹ്യസംഘടനകൾ, ആരോഗ്യവകുപ്പ് എന്നിവ നടത്തുന്ന ഈ രംഗത്തെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. ഈ മേഖലയിൽ കൂടുതൽ സംഭാവനകൾ സ്ഥാപനങ്ങളിൽ നിന്ന് / വ്യക്തികളിൽ നിന്ന് സംഭരിക്കാൻ പദ്ധതി തയ്യാറാക്കണം ഈ മേഖലയിലേക്കാവശ്യമായ പ്രവർത്തനത്തിന് ആരോഗ്യമേഖലയിലെ പരിചയസമ്പന്നരേയും, വിരമിച്ചവരേയും കണ്ടെത്തി കർമ്മസേന ഉണ്ടാക്കണം.

## ദാരിദ്ര്യലഘൂകരണം രണ്ടാം ഘട്ടം

ദാരിദ്ര്യലഘൂകരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ അതിദാരിദ്ര്യ നിർമ്മാർജ്ജനം രണ്ടാം ഘട്ടം ഉറപ്പാക്കേണ്ടതുണ്ട് ആയതുമായി ബന്ധപ്പെട്ട് ഭൂരഹിത–ഭവനരഹിതരായ അതിദരിദ്രരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും വീട് മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്ത് അതിദരിദ്രർക്ക് വാസയോഗ്യമായ ഭവനം നൽകുന്നതിന് വിഭാവനം ചെയ്യുന്നു.

ലൈഫ് മിഷൻ പ്രവർത്തികളുമായി ബന്ധപ്പെടുത്തി പഞ്ചായത്തിലെ എല്ലാവർക്കും ഭവനം/ വാസസ്ഥലം ലഭ്യമാക്കണം.

2015 ലെ ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന സമീപനം അനുസരിച്ച് 2030 ആവുമ്പോൾ അംഗരാഷ്ട്രങ്ങൾ നടപ്പാക്കേണ്ട വികസന സമീപനത്തിൽ 17 വികസന വിഷയങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ ഏറ്റവും പ്രധാന വിഷയം 2030 ആവുമ്പോൾ ദാരിദ്ര്യ ലഘൂകരണം സാധ്യമാവാനുള്ള ആസൂത്രണ രീതി ശാസ്ത്രം കൈക്കൊള്ളണം. തതനുസൃതമായി 2025-26 പദ്ധതി ആസൂത്രണം ഉൾക്കൊള്ളിച്ചിരുന്നു.

1. തൊഴിൽ സംരംഭങ്ങളിലൂടെ വരുമാന വർദ്ധനവും, വരുമാന വർദ്ധനവിലൂടെ അതിജീവനം– ആരോഗ്യ സംരക്ഷണം, ഭാവി തലമുറയുടെ വിദ്യാഭ്യാസ വികസനം – തൊഴിലവസരങ്ങൾ പാർപ്പിട സൗകര്യം എന്നിവയാണ്
2. പാർശ്വവൽക്കരിക്കപ്പെട്ടവർ, പാർപ്പിടമില്ലാത്തവർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം ദരിദ്രരായി കണ്ടെത്തിയിട്ടുള്ളവർ എന്നിവരുടെ പാർപ്പിട– ആരോഗ്യ വികസന – തൊഴിൽ സംരംഭങ്ങൾ എന്നിവയിൽ സർക്കാരിന്റേയും സി.എസ്.ആർ ഫണ്ട് എന്നിവയിലൂടെയും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും.
3. ദുർബല– പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ തൊഴിൽ നൈപുണ്യം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും
4. ദാരിദ്ര്യ നിർമ്മാർജ്ജനം 2027-28 ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.
5. ആരോഗ്യ ഇൻഷുറൻസ്, വാതിൽപ്പടി സേവനം എന്നിവ ഏർപ്പാടാക്കും.
6. ലൈഫ് ഭവന പദ്ധതി പുതിയ അപേക്ഷകർക്ക് കൂടി ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിക്കും

തൊഴിലിലൂടെ വരുമാനം എന്ന കാഴ്ചപ്പാടിൽ തരിശു രഹിത പഞ്ചായത്ത്, തൊഴിൽ സംരംഭങ്ങളായ പേപ്പർ ബാഗ് നിർമ്മാണം, ഇനോക്കുലം നിർമ്മാണം കാലിത്തീറ്റ നിർമ്മാണം എന്നിവ നടപ്പാക്കുന്നതിലൂടെ 2030 ഓടെ നമ്മുടെ പഞ്ചായത്തിനെ ദാരിദ്ര്യ രഹിത പഞ്ചായത്താക്കുവാൻ സാധിക്കും.

## ശുചിത്വം, കുടിവെള്ളം – മാലിന്യസംസ്ക്കരണം.

മാലിന്യ രഹിത സമൂഹം എന്ന കാഴ്ചപ്പാടിൽ ഏറ്റവും പ്രധാന്യം അർഹിക്കുന്ന വിഷയമാണ് കുടിവെള്ളം, ശുചിത്വം. കുടിവെള്ള ശുചിത്വം മനുഷ്യ ജീവിതത്തിന്റെ അനിവാര്യമായ ഘടകമാണ്. നാം ജീവിക്കുന്ന ചുറ്റുപാടുകളും, പരിസരങ്ങളും മാലിന്യമുക്തമാവേണ്ടതിന്റെ പ്രാധാന്യം വളരെ പ്രധാനപ്പെട്ടതാണ്. 'അതിമനോഹരമായ ഉദ്യാനത്തിലേ അതിമനോഹര പുഷ്പങ്ങൾ വിടരൂ' ഈ തത്വം മനസിലാക്കി നെടുമ്പാശ്ശേരി മാലിന്യമുക്ത ഗ്രാമം (വിമാനഗ്രാമം – വിടപറയാം മാലിന്യത്തോട്– നമുക്ക് തീർക്കാം ശുചിത്വഗ്രാമം) എന്ന പദ്ധതികളുമായി നാം ഏറെമുന്നോട്ട് പോയിട്ടുണ്ട്. കോടതി വിധികളുടെ അടിസ്ഥാനത്തിൽ മാലിന്യ മുക്ത സമൂഹം എന്ന കാഴ്ചപ്പാട് യാതാർത്ഥ്യമാക്കാൻ ഹരിതകർമ്മസേനയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി മുന്നോട്ട് പോകേണ്ടതുണ്ട്.

## 2026-27 വർഷത്തെ മാലിന്യ മുക്ത – ശുചിത്വ കുടിവെള്ള ഗ്രാമം എന്ന ലക്ഷ്യത്തിലേക്ക് എത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

1. എല്ലാ ചിറകളും തോടുകളും നീർത്തടാധിഷ്ഠിതമായി വികസിപ്പിച്ച് കുടിവെള്ളം ലഭ്യമാക്കുക.
2. സായാഹ്ന ശുദ്ധവായു ആസ്വദിച്ച് മനോഹരമായ പൂന്തോട്ട ഇരിപ്പിടങ്ങൾ നിർമ്മിച്ച് ഹാപ്പിനസ്സ് പാർക്കുകൾ കാരയ്ക്കാട്ടുചിറ – കുണ്ടോന്തറ കടവ്, കുറുന്തലക്കോട്ട് ചിറ, വേതുചിറ എന്നിവിടങ്ങളിൽ സ്ഥാപിക്കുക
3. മാലിന്യ കൂമ്പാരങ്ങൾ പൂർണ്ണമായും ഒഴിവാക്കുക
4. ബയോബിൻ വിതരണം ആവശ്യക്കാർക്ക് ലഭ്യമാക്കുക
5. മാലിന്യം സംസ്കരിക്കാൻ വാടകക്കാർക്ക് വേണ്ടി പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്സ്ഥാപിക്കും
6. പുറമ്പോക്കിൽ മിനി എം സി എഫ് സ്ഥാപിക്കണം
7. ഹരിതകർമ്മസേനയുടെ യൂസർ ഫീ കാർഡ് നിർബന്ധമാക്കണം
8. സാനിറ്ററി മാലിന്യം, ഇ–മാലിന്യങ്ങൾ, ഗാർഹിക മെഡിക്കൽ മാലിന്യങ്ങൾ എന്നിവ സംസ്കരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കും.
9. നിലവിലുള്ള കുഴി കക്കൂസുകൾ ഘട്ടംഘട്ടമായി സെപ്റ്റിക് ടാങ്കുകൾ ആക്കൽ (പൊതുവിഭാഗത്തിലും, എസ്.സി വിഭാഗത്തിലും), കിണർ ശുചീകരണം, കുടിവെള്ള ഗുണനിലവാര പരിശോധന, ഇതിലേക്കായി കിണർ രജിസ്ട്രേഷൻ, പരിശോധനാ ലാബ് തയ്യാറാക്കൽ.
10. കിണർ റീചാർജ്ജിംഗ് സംവിധാനം തൊഴിലുറപ്പുമായി ബന്ധിപ്പിച്ച് വ്യാപകമാക്കൽ.
11. കിണറും, ശുദ്ധജലവും ലഭ്യമല്ലാത്തവർക്ക് ജലനിധി പദ്ധതിയിൽ മുൻ ഗണന.

12. പൊതുജലാശയങ്ങളുടെ ശുചീകരണം, വികസനം ഉറപ്പാക്കൽ.
13. ജൈവമാലിന്യം ഉറവിടങ്ങളിൽ സംസ്ക്കരിക്കാനുള്ള സംവിധാനം കൂടുതൽ വ്യാപകമാക്കും
14. അജൈവമാലിന്യം വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് തരംതിരിച്ച് പരിപാലനം
15. ഹരിത കർമ്മസേനാ പ്രവർത്തനം, പ്രവർത്തന സംവിധാനം, വരുമാനം എന്നിവ ശക്തിപ്പെടുത്തൽ.
16. ദ്രവമാലിന്യ സംസ്ക്കരണത്തിന് വ്യക്തിഗതവും, സൗകര്യവുമായ പദ്ധതികൾക്കും Urban Agglomeration Fund - ൽ നിന്ന് തുക ലഭ്യമാക്കാൻ പദ്ധതി തയ്യാറാക്കണം.
17. ആരോഗ്യമേഖലയിൽ പ്രാദേശിക ആരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താനുള്ള പ്രവർത്തനം.
18. വാഹനത്തിൽ സഞ്ചരിക്കുന്ന ക്ലിനിക്ക് സംവിധാന സാദ്ധ്യതകൾ പരിശോധിച്ച് രോഗി സൗഹൃദമാക്കാൻ ശ്രമിക്കണം.(Mobile Clinic)
19. ഹോമിയോ വിഭാഗത്തിന് ആയുഷ് സഹായം ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം
20. ജീവിത ശൈലീരോഗങ്ങൾ തടയാനുള്ള അവബോധ നിർമ്മാണം . വിവിധ പരിശീലനങ്ങളിലൂടെ ഉണ്ടാകണം.
21. ആരോഗ്യ– വ്യായാമ കേന്ദ്രങ്ങൾ, വയോമിത്രം പദ്ധതി, യോഗാ പരിശീലനം എന്നിവ വ്യാപകമായി അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുക.

<u>പൊതുമരാമത്ത് ഊർജ്ജം</u>

1. പഞ്ചായത്ത് റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ച് വിവിധ റോഡുകളുടെ വിവരങ്ങൾ രേഖപ്പെടുത്തണം.
2. പൈപ്പ് കലുങ്കുകളും, കേടായ കലുങ്കുകളും, പാലങ്ങളും മാറ്റി നിർമ്മിക്കാൻ മുൻഗണന നൽകണം.
3. റോഡുകളുടെ ഗുണനിലവാരം ഉയർത്താൻ ജലമൊഴുക്കു കാന നിർമ്മാണം, വഴി ഉറപ്പാക്കൽ, അപകടസാദ്ധ്യതകൾ ഒഴിവാക്കൽ റോഡുകളുടെ പരിപാലന ചിലവുകൾ കുറയ്ക്കാനുള്ള പദ്ധതികൾ എന്നിവ പ്രാമുഖ്യം നൽകി നടപ്പിൽ വരുത്തുക.
4. പഞ്ചായത്തിന്റെയും കീഴ്സ്ഥാപനങ്ങളുടെയും മുകളിൽ സൗരോർജ്ജപദ്ധതി സ്ഥാപിക്കൽ ഘട്ടംഘട്ടമായി പൂർത്തീകരിക്കണം.
5. വഴിവിളക്കുകൾ ഇല്ലാത്ത പാതകളിൽ അവ സ്ഥാപിച്ച് പ്രത്യേക ശ്രദ്ധ വേണ്ടയിടങ്ങളിൽ മുൻഗണന നൽകി സ്ഥാപിക്കണം.
6. എല്ലാ ബൽബുകളും എൽ.ഇ.ഡി. ബൽബുകളാക്കി മാറ്റി ഊർജ്ജ ഉപഭോഗം കുറയ്ക്കണം.

7. ഹരിതോർജ്ജ ഉപഭോഗ സഹായപദ്ധതികൾ, പരിശീലനങ്ങൾ എന്നിവ ഊർജ്ജിതമാക്കണം.
8. ഊർജ്ജ ഉപഭോഗം കുറയ്ക്കാനുള്ള ഊർജ്ജ സർവ്വേ, ഓഡിറ്റ് പദ്ധതികൾ നടപ്പാക്കി പഞ്ചായത്തിലെ ഊർജ്ജ ഉപഭോഗം കഴിയുന്നത്ര കുറയ്ക്കണം.
9. പ്രതിമാസം അഞ്ഞൂറ് യൂണിറ്റിൽ കൂടുതൽ ഉപയോഗം വരുന്ന വീടുകൾ, ഷോപ്പിംഗ് മാളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിക്ക് പദ്ധതികൾ സ്ഥാപിക്കുവാൻ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും വേണ്ട ബോധവൽക്കണം നടത്തുക.

ഭവനനിർമ്മാണത്തിൽ പഞ്ചായത്ത് സേവനം കൂടുതൽ ജനസൗഹൃദമാക്കാൻ ഗ്രാമസേവാകേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കണം. പദ്ധതികൾക്ക് മേൽനോട്ടം നൽകാനും, ഫലപ്രാപ്തി പരിശോധിക്കാനും സാമൂഹ്യ ഓഡിറ്റിംഗ് സംവിധാനം ഉറപ്പാക്കണം. ഫ്രണ്ട് ഓഫീസ് സംവിധാനം കൂടുതൽ ശക്തവും, സൗഹൃദവുമാക്കണം

വരുമാന വർദ്ധനക്ക് നികുതി പിരിവ് ഉറപ്പാക്കുകയും അത് കൂടുതൽ ജനസൗഹൃദവുമാക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കണം. സംഭാവനകൾ, CSR ഫണ്ടുകൾ, എന്നിവയുടെ ലഭ്യത വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുകയും. പ്രത്യേക പ്രവർത്തനങ്ങൾ നടത്തുകയും വേണം. സാമ്പത്തിക അച്ചടക്കവും പ്രവർത്തനക്ഷമതാ പദ്ധതികളും കാര്യക്ഷമമാക്കാനും, പരിശോധിക്കാനും സമയബന്ധിതമായ അവലോകന യോഗങ്ങൾ ഉറപ്പാക്കണം.

കാലാവസ്ഥാ വ്യതിയാന ഫലങ്ങൾ പഠിക്കാനുള്ള പദ്ധതി, ജൈവവൈവിദ്ധ്യ രജിസ്റ്റർ പുതുക്കൽ എന്നിവ ഈ വർഷം തന്നെ പൂർത്തീകരിക്കണം.

ആയുർവ്വേദ ആശുപത്രിക്കുള്ളിൽ ഔഷധസസ്യ കൃഷി നടത്തുകയും കേരള ആയുർവ്വേദവുമായി ചേർന്ന് കൂടുതൽ കൃഷി സാദ്ധ്യത പരിശോധിക്കുകയും വേണം. കഴിയുന്നത്ര മേഖലകളിൽ തീറ്റപ്പുല്ല്, മുളകൃഷി എന്നിവ നടപ്പാനുള്ള പദ്ധതികൾ രൂപപ്പെടുത്തണം. കാർബൺ പാദമുദ്ര നെഗറ്റീവ് ആക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സ്ക്കൂളുകൾ, സ്ഥാപനങ്ങൾ, ക്ലാസ്സുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, RRT, ദുരന്തനിവാരണസേന പുതുക്കൽ എന്നിവ വഴി നടപ്പാക്കാൻ നിരന്തര പരിശീലനം, അവലോകനം ഉറപ്പാക്കൽ. നീന്തൽ പരിശീലനം, അഗ്നിശമന സേനാ പരിശീലനം. അടുക്കളയിലെ പാചകവാതക ഉപയോഗ സുരക്ഷാപരിശീലനം, പ്രാഥമിക ശുശ്രൂഷാ പരിശീലനം, റോഡു സുരക്ഷാ പരിശീലനം എന്നിവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വായനശാലകൾ, ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷൻ എന്നിവ വഴി നടപ്പാക്കാൻ കർമ്മ പദ്ധതികൾ വേണം.

കുട്ടികൾക്കും മുതിർന്നവർക്കും ഒത്തു ചേരുന്നതിനും, ആശയ വിനിമയം നടത്തുന്നതിനും കുട്ടികൾക്ക് കളിക്കുവാനും സൗകര്യപ്രദമായ രീതിയിൽ ഹാപ്പിനസ്സ് പാർക്കുകൾ ഒരുക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെ സംയുക്ത പദ്ധതികൾ ഉണ്ടാകണം.

മേൽപ്പറഞ്ഞ മേഖലകളിലെ പ്രശ്നപരിഹാര പദ്ധതികൾ തയ്യാറാക്കുമ്പോൾ പരസ്പരബന്ധിതമായി, സമഗ്ര പരിഹാരപദ്ധതികൾ തയ്യാറാക്കണം. കഴിയുന്നത്ര പദ്ധതികൾ ത്രിതല പഞ്ചായത്ത്, സംസ്ഥാന പദ്ധതികളുമായി ബന്ധിപ്പിക്കണം. ഇത്തരത്തിൽ പരസ്പരബന്ധിതവും, സമഗ്രവുമായ പരിഹാരപദ്ധതികൾ സ്ഥായിയായ വികസന സാദ്ധ്യതകൾ ഉറപ്പാക്കിക്കൊണ്ട് വേണം നിർമ്മിച്ചു നടപ്പാക്കുവാൻ.

ഉല്പാദന, സേവന, അടിസ്ഥാനമേഖലകളിലെ പതിമൂന്ന് വിഷയങ്ങളിലായി പ്രദേശത്തിന്റെ പ്രശ്നവിശകലനവും, പരിഹാരസാദ്ധ്യതകളും അവസ്ഥാപഠനരേഖ (Status Report) യുടെ ഫോറം (A), 3 –ൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രശ്നപഠനത്തിൽ അടിസ്ഥാനകാരണങ്ങൾ കണ്ടെത്താനും, പരിഹാരസാദ്ധ്യതകളിൽ വിവിധ മേഖലകളിലെ പ്രശ്നങ്ങളെ സംയോജിതമായി പരിഹരിക്കാനുമുള്ള നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്. ഇവയിൽ ഓരോ മേഖലയിലേയും പ്രശ്നങ്ങളും പരിഹാരസാദ്ധ്യതകളും ചുരുക്കി ഇവിടെ അവതരിപ്പിക്കുന്നത്.

## അദ്ധ്യായം 4

## വികസനകാഴ്ചപ്പാട് ലക്ഷ്യം തന്ത്രം

പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട് കേരള സർക്കാർ സംസ്ഥാനത്തിന്റെ നവ നിർമ്മാണത്തിനുവേണ്ടി മുന്നോട്ടുവച്ചിട്ടുള്ള കാഴ്ചപ്പാടുകളുമായി ചേർന്ന് നിൽക്കുന്നതാണ്. കാരണം കേരള സംസ്ഥാനത്ത് ജനകീയാസൂത്രണം പ്രക്രിയയുടെ നടപ്പാക്കലിൽ മൊത്തത്തിൽ വന്ന നേട്ട കോട്ടങ്ങൾ ഇവിടെയും ഉണ്ടായിട്ടുണ്ട്. ഉല്പാദനമേഖലയിലെ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ കഴിയാതെ വന്നതും, മറ്റു ചില മേഖലകളിൽ വളർച്ചയുണ്ടായതുമൊക്കെ കേരളത്തിന്റെ വളർച്ചയുടെ സ്വഭാവം തന്നെ കാണിക്കുന്നു. എന്നാൽ കൊച്ചി അന്തരാഷ്ട്ര വിമാനത്താവള സാമിപ്യം ഈ പ്രദേശത്തെ പ്രത്യേകം സ്വാധീനിച്ചിട്ടുള്ളത് വേറെ തന്നെ അവലോകനം ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം ഭാഗമായി സംസ്ഥാന സർക്കാർ മുന്നോട്ട് വച്ചിട്ടുള്ള വികസന നിർദ്ദേശങ്ങൾ ഏറെക്കുറെ ഇവിടെയും പിൻതുടർന്നിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തിൽ സേവന, പശ്ചാത്തല മേഖലയിലെ വളർച്ച നിലനിർത്തികൊണ്ട് ഉല്പാദന മേഖലയിൽ വലിയ ഉണർവ്വും വളർച്ചയും ഉണ്ടാക്കുന്ന ഒരു രീതി മാത്രമാണ് പൊതുവെ സ്വീകരിച്ചിട്ടുള്ളത്. അതുവഴി സർവ്വ മേഖലകളിലും സ്ഥായിയായ വികസനം കൈവരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം .കേന്ദ്രസർക്കാരും, സംസ്ഥാന സർക്കാരും അംഗീകരിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിതകാലത്തിന് മുൻപ് തന്നെ കൈവരിക്കുവാനുള്ള ഒരു ശ്രമവും നടത്തുന്നു. അതോടൊപ്പം തന്നെ ഒരു പ്രാദേശിക സർക്കാർ എന്ന നിലയിൽ ജനപങ്കാളിത്തം ഉറപ്പാക്കി, കൂടുതൽ സുതാര്യമായ രീതിയിൽ ജന സൗഹൃദമായി ഭരണം നടത്തുക എന്നതും ലക്ഷ്യമാണ്. കാർഷിക മേഖലയിൽ നാമമാത്രകർഷകർ മുതൽ പാടശേഖര സമിതികൾവരെ നടത്തുന്ന വിവിധ കാർഷികോൽപ്പാദന പ്രക്രിയയിൽ 'വിത്തുമുതൽ വിപണിവരെ' സഹായിക്കുന്ന കാഴ്ചപ്പാടാണ് നൽകുന്നത്. ഓരോ കർഷകനും അവനവനാവശ്യമുള്ള തരത്തിൽ സേവനങ്ങൾ ലഭ്യമാക്കി വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്ന രീതി പിൻതുടരാനാണ് ശ്രമിക്കുന്നത്. ഇതിനായി കർഷകരുടെ കൂട്ടായ്മകളെ സൃഷ്ടിച്ച് സാങ്കേതിക വിദ്യ പരമാവധി ഉപയോഗിച്ച് കാർഷിക അനുബന്ധ ഭക്ഷ്യോൽപ്പാദനവും വിപണനവുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തരിശു നിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിൽ പഞ്ചായത്ത് നല്ല കാൽവെപ്പ് നടത്തിയിട്ടുണ്ട്. അങ്കമാലി – മാഞ്ഞാലി തോടിന്റെ പാർശ്വങ്ങളിൽ തരിശായി കിടന്നിരുന്ന കൃഷി നിലങ്ങളിൽ 100 ഹെക്ടർ കൃഷിക്ക് ഉപയുക്തമാക്കിയിട്ടുണ്ട്. പാടശേഖര സമിതിയുടേയും, മറ്റ് സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ ആണ് പഞ്ചായത്ത് ഇത് നടപ്പിലാക്കിയത്. ഇത് തുടരുന്നതുമാണ്. അതിനായി അടിസ്ഥാന സൗകര്യങ്ങളുടേയും, ചെറുധാന്യങ്ങളായ, റാഗി, ചാമ, തിന എന്നിവയുടെ കൃഷി പ്രോത്സാഹനത്തിനും പഞ്ചായത്ത് ലക്ഷ്യമിടുന്നു. വികസന വിവരങ്ങൾ പൊതുജനങ്ങൾക്ക് കൂടുതൽ ലഭ്യമാക്കുന്നതിന് ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസേവാ കേന്ദ്രങ്ങൾ എല്ലാ വാർഡിലും ഈ വർഷം തന്നെ തുടങ്ങുവാൻ പഞ്ചായത്ത് ലക്ഷ്യമിടുന്നു. പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തതക്കുള്ള പദ്ധതികൾ

ഉണ്ടാകണം. പ്രാദേശികമായ സൂക്ഷ്മസംരംഭങ്ങളെ വളർത്തിയെടുക്കാനുള്ള ശ്രമത്തിൽ ഭക്ഷ്യോൽപ്പന്ന നിർമ്മാണം, കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധന എന്നിവക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. സംരംഭത്തിനെത്തുന്നവരെ സർവ്വ വിധ സഹായവും നൽകി സഹായിക്കുവാനുള്ള പദ്ധതികൾ സമാന്തരമായി സംഘടിപ്പിക്കണം. ഈ മേഖലയിൽ വനിതകൾക്കും, പട്ടികജാതി വിഭാഗക്കാർക്കും പ്രാതിനിധ്യം ഉറപ്പാക്കി ആ മേഖലകളുടെ വികസനം കൂടി സമന്വയിപ്പിക്കണം. പാലുല്പാദന മേഖലയിൽ ക്ഷീര കർഷകന്റെ ചിലവ് കുറക്കുവാനും , കാലി വിസർജ്ജ്യത്തിൽ നിന്നുകൂടി വരുമാനം ലഭ്യമാക്കാനുമാണ് പദ്ധതികൾ തയ്യാറാക്കേണ്ടത്. ഇതിൽ കൂടുതൽ ശാസ്ത്രീയ സംവിധാനങ്ങളെ കുറിച്ച് ക്ഷീര കർഷകരെ കൂടുതൽ ബോധവാന്മാരാക്കണം. കൃഷി, ക്ഷീരോല്പാദനം, മത്സ്യകൃഷി വികസനം എന്നിവ ചേർന്ന സംയുക്ത കർഷകരീതികൾ വ്യാപകമാക്കണം. തൊഴിൽ, വരുമാന വർദ്ധന ഉറപ്പാക്കുന്നതിന് പുതിയസംരഭകരെ വളർത്തുന്നതോടൊപ്പം കുടുംബശ്രീ സംരംഭങ്ങളെ ശക്തിപ്പെടുത്തുവാനും വിപുലീകരിക്കാനും പദ്ധതികൾ ഉണ്ടാക്കണം. ഇത് സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിന് കാരണവുമാകുന്നതുമാണ്. പട്ടികജാതി വിഭാഗത്തിൽ ഉന്നതികളിലേക്കും, സങ്കേതങ്ങളിലേയും അടിസ്ഥാന സൗകര്യവികസനത്തിനോടൊപ്പം ഈ വിഭാഗത്തിൽ വിദ്യാഭ്യാസ, തൊഴിൽ മേഖലയിലെ വളർച്ച ഉറപ്പാക്കുന്ന പദ്ധതികൾ കൂടിയുണ്ടാകണം. സിവിൽ സർവ്വീസ് പോലെ ഉയർന്ന ഉദ്യോഗങ്ങളിൽ അവസരം ലഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുവാൻ കഴിയുന്ന രീതിയിൽ സഹായവും, പ്രോത്സാഹനവും നൽകുന്ന പദ്ധതികൾ തുടരണം.

വനിതവികസനത്തിൽ പ്രദേശത്തെ സ്ത്രീകളുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, വരുമാനം ആസ്തികളുടെ ഉടമസ്ഥത എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് പഠിച്ച് ഈ മേഖലകളിൽ അവരുടെ ത്വരിത വളർച്ച ഉറപ്പാക്കുന്ന പദ്ധതികൾ പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പാക്കണം. സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഒഴിവാക്കാനും ആവശ്യമെങ്കിൽ സഹായിക്കുവാനുമുള്ള സംവിധാനങ്ങൾ ശക്തമാക്കണം.

അംഗൻവാടികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം പ്രവർത്തന ഗുണനിലവാരം ഉയർത്തണം. ഗർഭിണികൾ, മുലകുടിക്കുന്ന കുട്ടികളുള്ള അമ്മമാർ, 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾ, ബാലന്മാർ, കുമാരി കുമാരന്മാർ എന്നിവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന പരിശോധനകൾ, കുത്തിവയ്പ്, പോഷകാഹാര വിതരണം, കൗൺസിലിംഗ്, പഠനക്ലാസ്സുകൾ എന്നിവയെല്ലാം സമയബന്ധിതവും, ശാസ്ത്രീയവുമായി നടപ്പാക്കുന്നത് ഉറപ്പുവരുത്തണം. അംഗൻവാടികളുടെ പ്രവർത്തന നിലവാരം വളരെയധികം വർദ്ധിക്കേണ്ടതുണ്ട്.

ശാരീരികവും മാനസികവുമായ പരിമിതികളുള്ള കുട്ടികളുടെയും, കുടുംബത്തിന്റെയും സാമ്പത്തികവും സാമൂഹ്യകവുമായ പ്രശ്നങ്ങളിൽ പ്രത്യേക സഹായ പദ്ധതികൾ വേണം. ഇതിലേക്ക് ഈ കുട്ടികളുടെ അമ്മമാരുടെ വീടുകളിലെ സാന്നിദ്ധ്യം ഉറപ്പാക്കി വരുമാനം ലഭിക്കുന്ന തൊഴിലുകൾ കണ്ടെത്താൻ സഹായിക്കണം.

വർദ്ധിച്ചുവരുന്ന വയോജനങ്ങളുടെ കഴിവുകൾ ഉപയോഗിക്കണം, ആരോഗ്യ സംരക്ഷണം, ചികിത്സ ഉറപ്പാക്കൽ, സന്തോഷകരമായി സമയം ചെലവഴിക്കൽ എന്നിവയെല്ലാം ഉറപ്പാക്കുന്ന പദ്ധതികൾ ഉണ്ടാകണം. ഡിജിറ്റൽ സംവിധാനങ്ങളിൽ പരിശീലനം ആവശ്യമുള്ളവർക്ക് അത് നൽകാം സമയം സാർത്ഥകമായി ചിലവഴിക്കാനും ഒപ്പം വരുമാനമുണ്ടാക്കാനും കഴിയുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനുള്ള ശ്രമവും അനിവാര്യമാണ്.

കിടപ്പുരോഗികളുടെ സംരക്ഷണത്തിന് ആരോഗ്യവകുപ്പും വിവിധ സംഘടനകളും പ്രദേശത്ത് നടത്തുന്ന പ്രവർത്തനങ്ങളെ സംയോജിപ്പിക്കേണ്ടതുണ്ട് ഒപ്പം ഈ രംഗത്ത് പ്രവർത്തിക്കാൻ തയ്യാറുള്ളവരെ പരിശീലനം നൽകി കർമ്മസേനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കാം. ഈ മേഖലയിൽ കഴിയുന്നത്ര സംഭാവനകൾ ലഭ്യമാക്കണം. കിടപ്പുരോഗികൾക്ക് അനിവാര്യമായ ഡയപ്പറുകൾ പ്രാദേശികമായി ഉല്പാദിപ്പിച്ച് വിതരണം നടത്തുക വഴി രോഗിയുടെ കുടുംബത്തിന്റെ ചിലവ് കാര്യമായി കുറയ്ക്കാൻ കഴിയും. അതിഥിതൊഴിലാളികളുടെ രജിസ്ട്രേഷൻ നടപ്പാക്കുകയും ഒപ്പം അവരുടെയും കൂടെയുള്ള കുടുംബത്തിന്റെയും ആരോഗ്യം, വിദ്യാഭ്യാസം, സുരക്ഷ എന്നിവ ഉറപ്പാക്കാനുള്ള സംവിധാനങ്ങൾ വികസിപ്പിക്കണം.

ആരോഗ്യമേഖലയിൽ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം ആരോഗ്യപരിപാലനം, ജീവിതശൈലീരോഗങ്ങൾ തടയൽ, മാനസീകാരോഗ്യം ഉറപ്പാക്കൽ എന്നിവയ്ക്കായി അറിവും സഹായവും നൽകണം. വയോജനങ്ങൾ, കിടപ്പുരോഗികൾ എന്നിവർക്ക് ചികിത്സാസഹായം വാതിൽപ്പടി സേവനമായി നൽകാൻ പദ്ധതിയുണ്ടാകണം. ഈ പഞ്ചായത്തിലെ ബി.പി.എൽ കുടുംബങ്ങളുടെ എണ്ണം അടുത്ത അഞ്ചുവർഷത്തിനകം മൂന്നിലൊന്നായി കുറയ്ക്കണം. ഭവനരഹിതർക്ക് ഭവനമോ / വാസസൗകര്യമോ ഒരുക്കണം. മൂന്നുവർഷത്തിനുള്ളിൽ ദാരിദ്ര്യം പഞ്ചായത്തുമേഖലയിൽ നിന്ന് ഒഴിവാക്കാൻ പദ്ധതികൾ വേണം. വാതിൽപ്പടി സേവനം വഴി ഭക്ഷണം, തൊഴിൽ, വരുമാനം, താമസം, ആരോഗ്യം എന്നിവ ഉറപ്പാക്കിയാണ് ഇത് നിർവ്വഹിക്കേണ്ടത്.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനോടൊപ്പം വൈജ്ഞാനിക വളർച്ച ഉറപ്പാക്കുന്ന ഇടങ്ങളാക്കി മാറ്റണം. വിഷയവിവരത്തോടൊപ്പം ജീവിതത്തിലെ വിവിധ പ്രശ്നങ്ങളെ വിലയിരുത്തി പ്രശ്നപരിഹാരത്തിലേക്കെത്താനുള്ള അറിവും കഴിവും കൂടി ഉണ്ടാകണം. ശാസ്ത്ര, സാങ്കേതിക രംഗത്ത്, കല, സാഹിത്യം, കായിക മേഖല എന്നിവടങ്ങളിലെല്ലാം തങ്ങളുടെ സംഭാവനകൾ നടത്താൻ പ്രാപ്തരാക്കണം. ശാരീരികവും മാനസികവുമായ ആരോഗ്യപരിപാലനത്തിനും പ്രാപ്തരാക്കണം. ഇതിലേക്കായി ക്ലസ്റ്ററടിസ്ഥാനത്തിൽ കലാ, കായിക മേഖലകളിൽ പ്രത്യേക പരിശീലനം, ശാസ്ത്രമേളകൾ, മത്സരങ്ങൾ എന്നിവ ഒരുക്കണം. സുസ്ഥിര വികസനം, പ്രകൃതി സംരക്ഷണം എന്നിവയിൽ അവരെ പങ്കാളികളാക്കാൻ വിദ്യാലയങ്ങളെല്ലാം ഹരിതവിദ്യാലയങ്ങളാക്കി മാറ്റണം.

ശുചിത്വമേഖലയിൽ പാർപ്പിടങ്ങളും, ശൗചാലയങ്ങളും വൃത്തിയായി സൂക്ഷിക്കാനുള്ള അറിവും സഹായവും നൽകണം. ഈ പഞ്ചവത്സര പദ്ധതിയിൽ നിലവിലുള്ള എല്ലാ കുഴികക്കൂസുകളും സെപ്റ്റിക് ടാങ്കുകളാക്കി മാറ്റണം. എല്ലാ കിണറുകളും പരിപാലിച്ച്,

കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കാൻ കിണർ റീചാർജ്ജിംഗ് സംവിധാനങ്ങൾ ഉപയോഗിക്കുകയും, സമയബന്ധിതമായി ജലഗുണനിലവാരം പരിശോധിച്ച് കുടിവെള്ള ശുദ്ധത ഉറപ്പാക്കുകയും ചെയ്യണം. നമ്മുടെ സംസ്ഥാനവും പ്രദേശവും അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നമായ മാലിന്യപരിപാലനത്തിന് ശാസ്ത്രീയമായ പരിഹാരം ഉണ്ടാക്കണം. ഹരിതകർമ്മസേനാ പ്രവർത്തനം ശക്തമാക്കണം. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്ക്കരിക്കാനുള്ള അറിവും, വ്യാപകമാക്കണം. ഇക്കാര്യത്തിൽ പ്രദേശത്തെ രാഷ്ട്രീയ, സാമൂഹ്യ, സാമുദായിക സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, വായനശാലകൾ, വ്യാപാരി വ്യവസായി കളുടെതുപോലുള്ള സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കണം. ദ്രവമാലിന്യങ്ങൾക്കും, സംയോജിത പദ്ധതികൾക്കും, CIAL, നഗരവൽകൃത പ്രദേശങ്ങൾക്കുള്ള ഫണ്ട് (Urban Agglomeration Fund) എന്നിവ വിനിയോഗിക്കാനുള്ള പദ്ധതികൾ തയ്യാറാക്കണം. ഒപ്പം അത് ലഭ്യമാക്കാനുള്ള ശക്തമായ ഇടപെടലുകളും ഉറപ്പാക്കണം.

പ്രദേശത്തെ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വിവിധ മേഖലകളിലെ മാറ്റങ്ങൾ പഠിക്കാനും അതിനനുസരിച്ച് കാർഷികരീതികളിലും, ജീവിത പ്രവർത്തനങ്ങളിലും മാറ്റങ്ങൾ വരുത്താൻ പ്രദേശവാസികളെ പ്രാപ്തരാക്കണം. ജൈവവൈവിദ്ധ്യം പഠിക്കുകയും, തനത് വിളകളും, രീതികളും, കാലി സമ്പത്തുൾപ്പെടെയുള്ള ജൈവസമ്പത്ത് കാത്തു സൂക്ഷിക്കാൻ പദ്ധതികൾ ഉണ്ടാകണം. ഔഷധസസ്യകൃഷിക്ക് വേണ്ടത്ര പ്രോത്സാഹനം നൽകണം. സാദ്ധ്യതയുള്ള വിവിധതരം ദുരന്തങ്ങളെ മുന്നിൽക്കണ്ട് അവ സാരമായി ബാധിക്കാവുന്ന പ്രദേശങ്ങൾ (Hot Spot) കണ്ടെത്തി നിവാരണ മാർഗ്ഗങ്ങൾ മുൻകൂട്ടി തയ്യാറാക്കണം. ഇതിലേക്കായി വിവിധ പ്രവർത്തനങ്ങൾ ഏകീകരിക്കാനുള്ള പഞ്ചായത്തിലെ മേൽനോട്ട സമിതി കൂടുകയും, വാർഡുതലത്തിലുള്ള ദുരന്തനിവാരണ സേനയുടേയും പ്രവർത്തനങ്ങൾ സമയബന്ധിതമായി പരിശോധിച്ച്, ആവശ്യമായ ഉപകരണങ്ങൾ, പരിശീലനങ്ങൾ എന്നിവ ലഭ്യമാണെന്ന് ഉറപ്പ് വരുത്തണം. സദാ ജാഗരൂകരായിക്കേണ്ട മേഖലയാണിത്.

ലഭ്യമായ ജലസ്രോതസ്സുകളും, നീർത്തട സംവിധാനങ്ങളും സംരക്ഷിച്ച് നിലനിർത്താനും, വികസിപ്പിക്കാനുമുള്ള പദ്ധതികൾ കൃത്യമായി ഉൾപ്പെടുത്തണം. ഓരോ പദ്ധതികളും രൂപകല്പന ചെയ്യുമ്പോൾ വിവിധ വിഷയ മേഖലകളുമായുള്ള പരസ്പര ബന്ധം, പാരിസ്ഥിതിക പ്രശ്നങ്ങൾ, ത്രിതല പഞ്ചായത്തു തലത്തിലുള്ളവയും കേന്ദ്ര, സംസ്ഥാന പദ്ധതികളുമായുള്ള സംയോജനം ഉറപ്പാക്കി കൂടുതൽ ഫലപ്രദമാക്കേണ്ടതുണ്ട്. ഇത്തരത്തിൽ സ്ഥായിയായ വികസനം ഉറപ്പുവരുത്തുന്നതുമായ പ്രകൃതിസംരക്ഷണം ഉറപ്പാക്കുന്നതും, വിവിധ മേഖലകളിലെ പ്രശ്നങ്ങൾ സംയോജിതവും, സമഗ്രവുമായി പരിഹരിക്കുന്ന പദ്ധതികൾ തയ്യാറാക്കുകയും അതിന്റെ ഗുണഭോക്താക്കൾ, പ്രാദേശിക വിദഗ്ദ്ധർ എന്നിവരുടെ സഹായത്തോടെ മേൽനോട്ട പരിശോധന നടത്തി കൂടുതൽ ഗുണപ്രദമാക്കുകയും വേണം.പൊതുമരാമത്ത് മേഖലയിൽ നിലവിലുള്ള ആസ്തികളുടെ പൂർണ്ണമായ വിനിയോഗം, പരിപാലനം, റോഡുനിർമ്മാണത്തേക്കാളേറെ റോഡുകളുടെ ഗുണനിലവാരം ഉയർത്തി ഗതാഗത സുരക്ഷയും, സൗകര്യവും വർദ്ധിപ്പിക്കുകയും ഒപ്പം വാർഷിക പരിപാലന ചിലവുകൾ കുറയ്ക്കുകയും ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പഞ്ചായത്തിലെ റോഡുകളുടെ വ്യാപ്തി

**(Map) തയ്യാറാക്കി അടുത്ത അഞ്ചുവർഷത്തെ സമഗ്ര വികസന പദ്ധതി തയ്യാറാക്കി നടപ്പാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.**

**പഞ്ചായത്ത് കെട്ടിടത്തിന്റേയും, കീഴ്സ്ഥാപനങ്ങളുടെയും പുരപ്പുറ സൗരോർജ്ജ പദ്ധതി തയ്യാറാക്കി നടപ്പാക്കി പഞ്ചായത്തിന്റെ വൈദ്യുതി ചിലവ് ഇല്ലാതാക്കാനും, കഴിയുമെങ്കിൽ സ്ഥിരമായി വൈദ്യുതി വില്പനയിൽ നിന്ന് വരുമാനവും ഉണ്ടാക്കാനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ ബൾബുകൾ പൂർണ്ണമായും LED സംവിധാനത്തിലേക്ക് മാറ്റുന്നതിനും ഒപ്പം വൈദ്യുതി ചിലവുകൾ കുറയ്ക്കുന്നതിനുള്ള വൈദ്യുതി ഓഡിറ്റിംഗ് സംവിധാനം ഉപയോഗിക്കാനും പദ്ധതി നിർദ്ദേശമുണ്ട്. പഞ്ചായത്തിൽ മൊത്തത്തിൽ ഹരിതോർജ്ജഉപയോഗത്തിന് പ്രേരണയും സഹായവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതികൾ തയ്യാറാക്കിയപ്പോൾ കഴിയുന്നത്ര എണ്ണം കുറയ്ക്കാനും, സംയോജിതമാക്കാനും, കൃത്യമായ മേൽനോട്ടവും, ഫലാവലോകനവും നടത്താനും നിർദ്ദേശ്ശങ്ങൾ ഓരോന്നിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിലേക്കായി ആസൂത്രണസമിതി, ഉപസമിതി, വർക്കിംഗ് ഗ്രൂപ്പ്, ഗുണഭോക്താക്കൾ, പ്രാദേശിക വിദഗ്ദ്ധർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെ ഉൾക്കൊള്ളിച്ച് സാമൂഹ്യ ഓഡിറ്റിംഗ് സംവിധാനമാണ് നിർദ്ദേശിച്ചിട്ടുള്ളത്.**

## അദ്ധ്യായം –5

## വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ സമസ്തമേഖലകളിലും സമഗ്രവികസനം കൈവരിക്കുക എന്ന ലക്ഷ്യത്തിലേക്ക് കൈപിടിച്ചു കയറുക എന്നതാണ് 14–ാം പഞ്ചവത്സരപദ്ധതിയുടെ അഞ്ചാമത്തെ വർഷത്തെ വിഭവ സമാഹരണം കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പ്രബലവും ദുർബലവുമായ എല്ലാ മേഖലകളേയും അതിസൂക്ഷ്മം വിലയിരുത്തിയും, പ്രശ്നങ്ങളും, പരിഹാരങ്ങളും കണ്ടെത്തി ജീവിതത്തിന്റെ എല്ലാ തുറകളിലുള്ളവരുടെയും നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അതിനുതകുന്ന രീതിയിലുള്ള വിഭവസ്രോതസ്സുകളെ കണ്ടെത്തുക എന്നതാണ് പ്രാഥമിക ആവശ്യം.

വിഭവസമാഹരണത്തിലുണ്ടായ പരിമിതികളും ലഭ്യമായ വിഭവങ്ങളുടെ വിനിയോഗത്തിലെ പോരായ്മകളും വികസന ആവശ്യങ്ങൾ നല്ല രീതിയിൽ നിറവേറ്റുന്നതിന് കഴിയാതെ വന്നു. ഇവിടെയാണ് വികസനം ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത. ദീർഘവീക്ഷണത്തോടും, ആസൂത്രിതമായും ലഭ്യമായ ഫണ്ട് വിനിയോഗിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ ആവർത്തന ചിലവുകളുടെ ദുർവ്യയം ഒഴിവാക്കുവാൻ കഴിയുമായിരുന്നു.

പ്രദേശത്തെ വികസന പ്രവർത്തനങ്ങളിൽ സംഭാവനകൾ, CSR ഫണ്ടുകൾ, ഗുണഭോക്തൃവിഹിതം എന്നിവയ്ക്കുള്ള സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കണം. മാത്രമല്ല ഈ പ്രവർത്തനങ്ങളിൽ കൃത്യമായി പങ്കുവഹിക്കാത്ത സഹകരണസംഘങ്ങൾ, ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ NABARD എന്നിവയുടെ ഒക്കെ പങ്കാളിത്തം വർദ്ധിപ്പിക്കണം. ജനപങ്കാളിത്തത്തൊടെയുള്ള ആസൂത്രണവികസനത്തിന് നിലവിലുള്ളതും വർദ്ധിത സാദ്ധ്യതയുള്ളതുമായ ഒരു വിഭവ സമാഹരണമാണ് ലക്ഷ്യമിടുന്നത്.

പ്രകൃതിജന്യമായ വിഭവങ്ങളോടൊപ്പം മനുഷ്യ ശക്തിയും, വികസനഫണ്ടുകൾ, ഗ്രാന്റുകൾ എന്നിവയും യഥാർത്ഥ്യ ബോധത്തോടെ പ്രയോജനപ്പെടുത്തുക. എന്നാൽ പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറ്റുവാനും വികസനാവശ്യങ്ങൾ ഒരു വലിയ പരിധി വരെ പരിഹരിക്കുവാൻ കഴിയുമെന്നും പ്രത്യാശിക്കുന്നു.

## പതിനാലാം പഞ്ചവത്സര പദ്ധതി

## 2026–27 വാർഷിക പദ്ധതിയിൽ വിവിധ വിഭാഗങ്ങൾക്കും പ്രത്യേക പദ്ധതികൾക്കും ലഭ്യമാകുന്ന തുകയുടെ വിശദാംശങ്ങൾ

**തദ്ദേശ ഭരണസ്ഥാപനത്തിന്റെ പേര്:– നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്**

**വാർഷിക പദ്ധതി: – 2026 –27** **ജില്ല – എറണാകുളം**

**1. 2025–26 വാർഷിക പദ്ധതിക്ക് വികസന ഫണ്ട് ഇനത്തിൽ ലഭ്യമാകുന്ന തുക (പട്ടിക –1)**

| ക്രമ നം | വിഭാഗം | 2026–27 ലെ പരിഹാര വകയിരുത്തൽ നടത്തിയതിനുശേഷമുള്ള തുക (തുക രൂപയിൽ) |
|---|---|---|
| 1 | 1.1. സാധാരണ വിഹിതം | 36754000 |
| | 1.2. കേന്ദ്രധനകാര്യ കമ്മീഷൻ അവാർഡ് (അടിസ്ഥാന ഗ്രാന്റ് ) | 0 |
